   - Making arrangements to monitor the activities and records of every parish/ mission/ proposed mission.
   - Fixing boundaries for Missions and regions.
   - Keeping a uniform time for the election of parish council and *kaikkarans* (custodians).
4. Training for Parish Council members on the role of the laity and *Palliyogam* in temporal and spiritual administration of the parishes/ missions/ proposed mission.
5. Awareness programme on the sacraments of initiation.
6. Awareness programme on the norms of marriage.
7. Pastoral Visit of the Bishop in every parish/mission/proposed mission.
8. Preparation of statutes for different commissions and organizations of the Eparchy.
9. Promote close cooperation with other individual Churches.



## 5. Phase Five: 29th November 2026 to 27th November 2027

**Specific Focus: Culture**

**Five Goals:**

* To have an authentic *Mar Thomma Nazrani* lifestyle.
* To keep the unique traditions in connection with every occasion of life and understand their theological and spiritual values.
* To preserve family bond by every means, especially by strengthening the communication within each family.



*Newly wedded couples Brian Abraham and Sherin Shoni from Blackpool*



*Celebration of Maundy Thursday at Mar Thoma Nazarani families*

- * To promote *Mar Thomma Nazarani* culture through all the commissions and organizations of the Eparchy.
- * To give awareness to the children and youth about different vocations like Marriage, Singlehood, Priesthood and Consecrated life.

**Nine Action Plans:**

1. Encourage the practice of kiss of reconciliation (*Isho Umma*) at the end of family prayer. Teach kids the prayer for vocations and for the dead. Speak about different vocations to the children and the youth at home.
2. Prepare couples to receive their babies in prayer and give training to the parents in different age groups. Encourage to celebrate wedding anniversary, birthday, day of baptism, feast of patron saint etc., by receiving Sacrament of Reconciliation and participating in the Holy Qurbana together with all family members.
3. Encouraging the preparation of *Pesaha Appam* (*INRI appam*) and milk at home with its original spirit and observing its genuine rites.
4. Retaining the family rituals in connection with marriage, birth, and death. Encourage parents to bring infants for the reception of the Sacraments of Initiation at the earliest possible. Promote the baptism with immersion in the baptismal fond.
5. Encourage the parents to bring the kids before starting the schooling to write first letters (*Ezhuthinirithu*) on the Solemnity of Pentecost. Educate kids to respect elders and encourage them to use the traditional way of greeting 'Praise be to Jesus Christ' (*Isho Misihayku Sthuthiyayirikatte*/ *Nesthambah Isho Mishiha*) to all, especially the priests and nuns.
6. Arrange seminars and awareness classes for youth about the sacredness and uniqueness of marriage and educate them to follow the teachings of the Sacred Scripture, Sacred Tradition and Magisterium regarding the marriage.
7. Remind all that our ancestors observed fasting and abstinence for more than half the time in a year. Abstinence from meat on Fridays should be a part of everyone's life .
8. Use the platform of Bible *Kaloltsavam* to promote our traditional arts and cultural elements. Include the liturgical Syriac hymns as one of items of *kaloltsavam*. Organising Eparchial Quiz on Culture.
9. To organise *Nasrani Sangamam* with traditional and ethnic attire to nurture love, respect and admiration towards the *Mar Thomma Margam*.

# STRUCTURE OF A SYRO MALABAR CHURCH

1. *Mad'bha* (Altar), the Throne of God & Tomb of Jesus
2. *Evangalion* (Gospel Lectionary), the Symbol of God the Son
3. *Mar Toma Sliba* (Saint Thomas Cross), inlaid or embossed on wooden or metallic plate, the Symbol of the Holy Spirit
4. *Bet-Gazze* (Treasure Houses)
5. *Bet-Gazze* (Treasure Houses)
6. Tabernacle
7. *Mar Toma Sliba* on Eastern Wall




8. *Qanke* (Sanctury)
9. Sanctuary Lamp at the entrance of the Sanctuary
10. Seats for Celebrant and Minsters
11. Sanctuary Veil at the entrance of the Sanctuary
12. *Qestroma* (Chancel)
13. Three Steps to Sanctuary
14. One Step to *Qestroma*
15. *Bema* (Dais)
16. *Haikla* (Nave)
17. *Bet-Diakon* (Sacristy)
18. *Bet-Sahde* (Martyrs' Shrine)
19. *Bet-Ma'moditha* (Baptistery) + Baptismal Font
20. Doors
21. Lamp in the Sanctuary, represent OT & NT
22. Lectern for Engarta
23. Lectern for Qerjane
24. Veranda
25. *Mar Toma Sliba* amidst candles on the table in the Bema

# For Further Reading


1. *Orientalium Dignitas:* Papal encyclical concerning the Eastern Catholic churches issued by Pope Leo XIII on November 30, 1894

2. *Orientalium Ecclesiarum:* The Second Vatican Council Decree on the Eastern Catholic Churches, solemnly promulgated by His Holiness Pope Saint Paul VI on November 21, 1964.

3. *Unitatis Redintegratio:* Constitution of the Second Vatican Council on the Ecumenism, solemnly promulgated by His Holiness Pope Paul VI on November 21, 1964.

4. *Sacrosanctum Concilium:* Constitution of the Second Vatican Council on the Sacred Liturgy solemnly promulgated by His Holiness Pope Paul VI on December 4, 1963.

5. *Orientale Lumen:* Apostolic Letter by His Holiness Pope Saint John Paul II on 2 May 1995 to the bishops, the clergy and the faithful to mark the centenary of Orientalium Dignitas of Pope Leo XIII.

6. *Instruction for Applying the Liturgical Prescriptions of the Code of Canons of the Eastern Churches,* Rome, 1996.

7. *Sacramentum Caritatis:* Post-synodal Apostolic exhortation on the Eucharist as the source and summit of the church's life and mission by Pope Benedict XVI on 22 February, 2007 to the bishops, clergy, consecrated persons and the lay faithful.

8. *Desiderio desideravi*: Apostolic Letter on the liturgical formation of the people of God by Pope Francis on 29 June 2022 to the bishops, priests, deacons, consecrated men and women, and the lay faithful.

9. Cardinal Joseph Ratzinger, *The Spirit of the Liturgy,* Ignatius Press, 2000.

10. Moolan, John, *Introduction to Oriental Liturgy and its Theology,* Syro-Malabar Church, Vadavathoor, Kottayam, 2013.

11. Pathikulangara, Varghese, "The Litugical Year of the Syro-Malabar Rite," *EL* 90 (1973-196).

12. Pathikulangara, Varghese, *Qurbana: The Eucharistic celebration of the Chaldeo - Indian Church,* Kottayam, 1998.

13. Kallarangatt Joseph, *Prarthanayude Niyamam Vishvasathite Niyamam,* OIRSI,167, Kottayam, 1994.

14. Perumthottam, Joseph, *Holy Qurbana A Pictorial Journey,* Denha Services Kottayam, 2009.

15. Maniyattu Pauly, *Heaven on Earth: The Theology of Liturgical Space Time in the East Syriac Qurbana,* Rome, 1995.

16. Maniyattu Pauly, ed., *East Syriac Theology: An Introduction*, Satna, 2007.

17. Mekkattukunnel Andrews, ed., *Mar Thoma Margam: Ecclesial Heritage of St Thomas Christians*, Kottayam, 2012. (Available on dukhrana. in)



# ആമുഖം

ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ കത്തോലിക്കാ രൂപതയുടെ പഞ്ചവത്സര അജപാലനപദ്ധതി 'പരിശുദ്ധൻ പരിശുദ്ധർക്ക്' (വിശുദ്ധ കുർബാന വിശുദ്ധർക്ക്) നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. 'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്ന ആപ്തവാക്യം നിങ്ങൾ ഓർമ്മിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു. 2022 മേയ് 23 മുതൽ 25 വരെ വെയ്ൽസിലെ കെഫല്ലി പാർക്കിൽ നടന്ന രൂപതാ സമ്മേളനത്തിന്റെ തയ്യാറെടുപ്പുരേഖയുടെ തലക്കെട്ടായിരുന്നു അത്. 'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്നത് സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാനയിൽ ദിവ്യകാരുണ്യ സ്വീകരണത്തിന് തൊട്ടുമുൻപായി കാർമ്മികൻ ചൊല്ലുന്ന മനോഹരമായ പ്രാർത്ഥനയാണ്. ''ഞാൻ പരിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധർ ആയിരിക്കുവിൻ'' (1 പത്രോ. 1, 16) എന്ന തിരു

വചനം ഈ പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നു. 'പരിശുദ്ധൻ' എന്ന വാക്ക് ദൈവനാമത്തെ/വ്യക്തിയെ (സങ്കീ. 119, 9; ഏശ. 57, 15; ലൂക്ക 1, 49) സൂചിപ്പിക്കുമ്പോൾ 'പരിശുദ്ധർ' എന്നത് കറയോ ചുളിവോ ഇല്ലാത്ത *(Sine macula et ruga)* സഭയുടെ അംഗങ്ങളെ സൂചിപ്പിക്കുന്നു. കറയോ ചുളിവോ ഇല്ലാത്ത ഈ സഭ യാഥാർത്ഥ്യമാകുന്നത് അന്ത്യവിധിക്കുശേഷമാണ്. എന്നാൽ നമ്മുടെ പ്രത്യാശ, സഭയിലെ എല്ലാ അംഗങ്ങളും മണവാളനായ കുഞ്ഞാടിന്റെ മണവാട്ടിയായ പറുദീസായിലെ സഭയുടെ ഭാഗമാകാൻ അനുഗ്രഹിക്കപ്പെടുമെന്നതാണ്. ഇതേ പ്രമേയംതന്നെയാണ് സീറോ മലബാർ സഭയുടെ ആരാധനാവത്സരത്തിലെ അവസാനത്തെ കാലമായ പള്ളിക്കൂദാശക്കാലത്തും നാം ധ്യാനിക്കുന്നത്. നമ്മുടെ രൂപതയിലെ എല്ലാ അംഗങ്ങളും പരിശുദ്ധർ ആകുവാനും ആരാധനക്രമചൈതന്യമനുസരിച്ച് ജീവിക്കുവാനും 2022-2027 വർഷങ്ങളിലേക്കുള്ള ഈ അജപാലന പദ്ധതി പ്രചോദനമേകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

നമ്മുടെ പുതിയ അജപാലനപദ്ധതി, സീറോ മലബാർ സഭയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം എന്നിവയിലുള്ള നമ്മുടെ അറിവിലും ബോധ്യങ്ങളിലുമുള്ള ആഴപ്പെടൽ ലക്ഷ്യം വയ്ക്കുന്നു. തനത് ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയാണ് ഒരു സ്വയംഭരണാധികാരസഭയെ വ്യതിരിക്തമാക്കുന്നത്. ഈ അജപാലനപദ്ധതി 2022 ഏപ്രിൽ 14 പെസഹാ വ്യാഴാഴ്ച ഇതേപേരിൽ പ്രസിദ്ധീകരിച്ച തയ്യാറെടുപ്പുരേഖയെ ആസ്പദമാക്കി വിവിധ തലങ്ങളിൽ നടന്ന ആലോചനകളുടെയും ചർച്ചകളുടെയും ഫലമായി രൂപീകരിക്കപ്പെട്ടതാണ്. 2022-ലെ രൂപതാ സമ്മേളനം നമ്മുടെ ചർച്ചകളെയും ആലോചനകളെയും കൂടുതൽ ആഴപ്പെടുത്തി. സിനഡാലിറ്റിയുടെ പാതയിൽ നടക്കാനും, പരസ്പരം ശ്രവിക്കാനും, ദൈവം നമ്മോടു പറയുന്നത് കേൾക്കാനും, പരിശുദ്ധാത്മാവിന് ഏതു വ്യക്തിവഴിയായും സംസാരിക്കാനാകുമെന്നു മനസ്സിലാക്കാനും, ദൈവജനമെന്ന നിലയിൽ നമ്മുടെ യാത്രയിൽ ഒരുമിച്ചു മുന്നോട്ടു നടക്കുവാനും, പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പാ ആഗോളസഭയ്ക്കു നല്കിയ ക്ഷണത്തിന്റെ തുടർനടപടി ആയിരുന്നു ഈ രൂപതാ സമ്മേളനം. എല്ലാ ഇടവക/ മിഷൻ/ നിയുക്തമിഷനുകളിൽനിന്നും രൂപതയുടെ എല്ലാ ശുശ്രൂഷാമേഖലകളിൽനിന്നുമുള്ള വൈദികരും സന്ന്യസ്തരും മറ്റു പ്രതിനിധികളും വലിയ സമർപ്പണത്തോടെയും ഉത്സാഹത്തോടെയും ഈ സമ്മേ



ളനത്തിൽ പങ്കെടുത്തു. വാസ്തവത്തിൽ, ഈ രൂപതാ സമ്മേളനം ദൈവകൃപനിറഞ്ഞ അവസരമായിരുന്നു. അതിൽ പങ്കെടുത്ത എല്ലാവർക്കും യഥാർത്ഥമായ സഭാ അനുഭവം അതു പ്രദാനം ചെയ്തു.

ഇപ്പോൾ പൗരസ്ത്യസഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ടും അന്നത്തെ ഗ്രേറ്റ് ബ്രിട്ടൻ അപ്പസ്തോലിക് നൂൺഷ്യോയുമായിരുന്ന ആർച്ച് ബിഷപ്പ് ക്ലൗദിയോ ഗുജറോത്തി, 2009 മുതൽ 2020 വരെ പൗരസ്ത്യസഭകളുടെ കാര്യാലയത്തിന്റെ സെക്രട്ടറിയും ഇപ്പോൾ സ്ലൊവാക്യായിലെ കോവിഷ് രൂപതയുടെ മെത്രാനുമായ ആർച്ച് ബിഷപ്പ് സിറിൾ വാസിൽ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി സുറിയാനി വിഭാഗത്തിന്റെ തലവനായിരുന്ന പ്രൊഫ. ഡോ. സെബാസ്റ്റ്യൻ ബ്രോക്ക്, 2010 മുതൽ 2018 വരെ സീറോ മലബാർ സഭയുടെ ആരാധനക്രമ കമ്മീഷൻ സെക്രട്ടറി ആയിരുന്ന ഡോ. പോളി മണിയാട്ട്, സീറോ മലബാർ സഭയുടെ ആരാധനക്രമ കമ്മീഷൻ അസിസ്റ്റന്റ് സെക്രട്ടറി റവ. ഡോ. അനീഷ് കിഴക്കേവീട്, എടത്വ സെന്റ് അലോഷ്യസ് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. പി.സി. അനിയൻകുഞ്ഞ് എന്നിവരായിരുന്നു ഈ രൂപതാസമ്മേളനത്തിലെ പ്രധാന പ്രഭാഷകർ. ഇവരുടെ വിഷയാവതരണങ്ങൾ പണ്ഡിതോചിതവും പ്രചോദനാത്മകവുമായിരുന്നു. 23 പൗരസ്ത്യ കത്തോലിക്കാസഭകളിലൊന്നായ സീറോ മലബാർ സഭയെക്കുറിച്ച് അവർ പങ്കുവച്ച കാര്യങ്ങൾ ഉൾക്കൊള്ളുകയും ജീവിക്കുകയും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുക എന്നതു നമ്മുടെ ചുമതലയാണ്.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പാ 2022 ജൂൺ 29-ാം തീയതി, ദൈവജനത്തിന്റെ ആരാധനക്രമരൂപീകരണത്തെക്കുറിച്ചുള്ള അപ്പസ്തോലിക ലേഖനം, *'Desiderio Desideravi'* (ഞാൻ അത്യധികം ആഗ്രഹിച്ചു) പുറപ്പെടുവിച്ചത് ഇവിടെ പ്രത്യേകം സ്മരണീയമാണ്. അതിനുമുമ്പേതന്നെ, 2022 ഏപ്രിൽ 14-ാം തീയതി, രൂപതാസമ്മേളനത്തിനൊരുക്കമായി പ്രസിദ്ധീകരിച്ച തയ്യാറെടുപ്പുരേഖയിൽ ആരാധനക്രമരൂപീകരണ വിഷയത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ നമുക്കു സാധിച്ചുവെന്നത് എത്രയോ വലിയ ദൈവപരിപാലനയാണ്. പ്രശസ്ത ആരാധനക്രമപണ്ഡിതനായ പ്രൊഫ. ഡോ. ജോറിസ് ഗെൽഡോഫ് 21-ാം നൂറ്റാണ്ടിനെ സ്വർഗ്ഗീയ ആരാധനക്രമത്തിന്റെ നൂറ്റാണ്ടായാണു വിശേഷിപ്പിക്കുന്നത്. സ്വർഗ്ഗീയ ആരാധനക്രമം എന്ന വിശേഷണം നമ്മുടെ ആരാധനക്രമത്തിന് തികച്ചും അനുയോജ്യമാണ്. അപ്രകാരം,

ഈ അജപാലനപദ്ധതി നമ്മുടെ ആരാധനക്രമത്തിൽ ആഴമായ അറിവുസമ്പാദിക്കാനും അതിൽ സന്തോഷത്തോടെ പങ്കെടുക്കുവാനും അടിയുറച്ച ആദ്ധ്യാത്മികതയിൽ മുന്നേറുവാനും നമ്മെ ക്ഷണിക്കുന്നു.

'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്ന അജപാലനപദ്ധതി അടുത്ത അഞ്ച് ആരാധനക്രമവത്സരങ്ങളിലായി നടപ്പിലാക്കാനുള്ളതാണ്. 2022 നവംബർ 27 മുതൽ 2023 ഡിസംബർ 2 വരെ ആരാധനക്രമം, 2023 ഡിസംബർ 3 മുതൽ 2024 നവംബർ 30 വരെ ദൈവശാസ്ത്രം, 2024 ഡിസംബർ 1 മുതൽ 2025 നവംബർ 29 വരെ ആദ്ധ്യാത്മികത, 2025 നവംബർ 30 മുതൽ 2026 നവംബർ 28 വരെ ശിക്ഷണക്രമം, 2026 നവംബർ 29 മുതൽ 2027 നവംബർ 27 വരെ സംസ്കാരം എന്നീ പ്രമേയങ്ങളിലായിരിക്കും നമ്മുടെ സജീവശ്രദ്ധ. നമ്മുടെ പരിചിന്തനത്തിനും പ്രാവർത്തികമാക്കലിനുമായുള്ള കർമ്മപദ്ധതി ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രൂപതയിലെ എല്ലാ അംഗങ്ങളോടും ഈ രേഖ പ്രാർത്ഥനാപൂർവ്വം പഠിക്കാനും അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കാനും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ രേഖ സാധ്യമാക്കാൻ അദ്ധ്വാനിച്ച എല്ലാവരോടും, വിവിധതലങ്ങളിലെ ചർച്ചകളിൽ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും, പ്രത്യേകിച്ച് വെരി റവ. ഡോ. ആന്റണി ചുണ്ടെലിക്കാട്ട്, റവ. ഡോ. ബാബു പുത്തൻപുരയ്ക്കൽ, റവ. ഡോ. ജോസഫ് കറുകയിൽ, റവ. ഫാ. ജിജിമോൻ പുതുവീട്ടിക്കളം എസ്.ജെ., റവ. ഫാ. ജോസ് അഞ്ചാനിയ്ക്കൽ, റവ. ഡോ. ജോൺ പുളിന്താനത്ത്, റവ.ഫാ. ഫിലിപ്പ് പന്തമാക്കൽ, റവ. ഫാ. ജിനു മുണ്ടുനടയ്ക്കൽ, റവ. ഡോ. കുര്യാക്കോസ് അമ്പഴത്തിനാൽ, റവ. ഡീ. ജോയ്സ് പള്ളിക്കമാലിൽ, ഡോ. മാർട്ടിൻ ആന്റണി, ശ്രീമതി ജയ്സമ്മ ബിജോ എന്നിവരോടുള്ള എന്റെ ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ. അവിടുത്തെ വചനത്തിന്റെയും റൂഹായുടെയും ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഈ ദൗത്യം നാം ഏറ്റെടുക്കുമ്പോൾ ദൈവത്തിന്റെ അനുഗ്രഹം നമ്മുടെ മേൽ ഉണ്ടാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

**മാർ ജോസഫ് സ്രാമ്പിക്കൽ**

*ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ കത്തോലിക്കാ രൂപതാ മെത്രാൻ*

*പ്രിസ്റ്റൺ, നവംബർ 2022*





## -I-

## നമ്മൾ എന്തുകൊണ്ട് മാർത്തോമ്മാക്രിസ്ത്യാനികളുടെ തനിമയെ (മാർത്തോമ്മാമാർഗ്ഗം) വിചിന്തനം ചെയ്യുകയും അതിന്റെ ചൈതന്യം ഉൾക്കൊണ്ട് ഗ്രേറ്റ് ബ്രിട്ടനിൽ ജീവിക്കുകയും വേണം?

ചിലപ്പോൾ നമ്മൾ നമ്മോടു ചോദിച്ചേക്കാം; എന്തിന് നമ്മൾ ഈ രാജ്യത്ത് മാർത്തോമ്മാക്രിസ്ത്യാനികളുടെ തനിമ ജീവിക്കണം? ഗ്രേറ്റ് ബ്രിട്ടനിൽ ഇപ്പോൾ നിലവിലുള്ള ക്രൈസ്തവപാരമ്പര്യം പിന്തുടരുന്നതിന് നമുക്ക് അനുവാദമില്ലേ? നമ്മുടെ മാതൃസഭ

യുടെ, സീറോ മലബാർ സഭയുടെ, പാരമ്പര്യത്തിനനുസൃതമായ ആരാധനക്രമവും ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും ശിക്ഷണക്രമവും സംസ്കാരവും അനുസരിക്കാനുള്ള നിർദ്ദേശം ഏതാനും പിതാക്കന്മാരുടെ പുതിയ കണ്ടുപിടിത്തമോ? അതോ ആഗോള കത്തോലിക്കാസഭ നമ്മിൽ നിന്നാഗ്രഹിക്കുന്നതോ? മാർത്തോമ്മാനസ്രാണികളുടെ തനിമ വിചിന്തനം ചെയ്യുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന പ്രക്രിയ ആധുനികലോകത്തിൽ നിഷ്ക്രിയത്വവും വിമുഖതയുമാണോ? ഈ ചോദ്യങ്ങളെല്ലാം സംശയലേശമെന്യേ കലർപ്പില്ലാത്തതും ചില വീക്ഷണകോണിൽനിന്നു സാധുവുമായിരിക്കാം. എന്നിരുന്നാലും, *Orientalium Dignitas* (1899), *Orientalium Ecclesiarum* (1964), *Unitatis Redintegratio* (1964), *Orientale Lumen* (1995), *Instruction for Applying the Liturgical Prescriptions of the Code of Canons of the Eastern Churches* (1996) എന്നീ സാർവ്വത്രികസഭ പ്രഖ്യാപിച്ച ഔദ്യോഗിക പ്രബോധനരേഖകളുടെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾ അടുത്ത് മനനം ചെയ്യുമ്പോൾ മാർത്തോമ്മാ നസ്രാണികളുടെ തനിമയെ സംബന്ധിച്ചുള്ള വിചിന്തനവും അതിന്റെ ചൈതന്യം ജീവിതത്തിൽ ഉൾക്കൊള്ളുന്നതും ആഗോള കത്തോലിക്കാസഭയുടെ ആഗ്രഹവും നഷ്ടപ്പെടാതെ നമ്മൾ കാത്തുസൂക്ഷിക്കേണ്ട സഭയുടെ വലിയ പൈതൃകസ്വത്തുമാണെന്ന ഉത്തമബോദ്ധ്യം നമുക്കു ലഭിക്കും. അതുകൊണ്ട്, ഈ പ്രബോധനരേഖകൾ സീറോ മലബാർ സഭയുടെ, പ്രത്യേകമായി ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ കത്തോലിക്കാ രൂപതയുടെ, അംഗങ്ങളോട് എന്താണ് ആവശ്യപ്പെടുന്നതും നമുക്കു മനസ്സിലാക്കാം.

## 1. ‘കിഴക്കിന്റെ മഹത്ത്വം’ *(Orientalium Dignitas)* (1894 നവംബർ 30-ാം തീയതി ലെയോ 13-ാമൻ മാർപ്പാപ്പാ പുറപ്പെടുവിച്ച പൗരസ്ത്യസഭകളെക്കുറിച്ചുള്ള ചാക്രികലേഖനം)

സീറോ മലബാർ സഭ 1934 മുതൽ അതിന്റെ നഷ്ടപ്പെട്ട ചില പാരമ്പര്യങ്ങളെ വീണ്ടെടുക്കാൻ ഗൗരവമായി പരിശ്രമിക്കുന്നു. എന്നിരുന്നാലും ചില കോണുകളിൽനിന്നു ശക്തമായ എതിർപ്പും ഈ പുനരുദ്ധാരണപ്രക്രിയ നേരിടുന്നുണ്ട്. സഭയെ ഇരുണ്ടയുഗത്തിലേക്കു തിരിച്ചുകൊണ്ടുപോകാനും കത്തോലിക്കാസഭയ്ക്ക് അഭികാമ്യമല്ലാത്ത ഓർത്തഡോക്സ് സഭയുടെ പാരമ്പര്യവും ആചാരവും പ




*Pope Leo XIII*

കർത്താനും ആഗ്രഹിക്കുന്ന സഭയിലെ ഒരു വിഭാഗത്തിന്റെ കണ്ടുപിടിത്തമാണ് ഈ പുനരുദ്ധാരണപ്രക്രിയ എന്നതാണ് പ്രധാന ആക്ഷേപം.

വിശദമായി പരിശോധിക്കുമ്പോൾ ഈ ആരോപണം അടിസ്ഥാനരഹിതവും കഴമ്പില്ലാത്തതുമാണെന്നു മനസ്സിലാകും. കാരണം ഈ പുനരുദ്ധാരണപ്രക്രിയയുടെ ആരംഭം 1894-ലെ *Orientalium Dignitas* ‘കിഴക്കിന്റെ മഹത്ത്വം’ എന്ന പൗരസ്ത്യസഭകൾക്കായുള്ള ആദ്യ ചാക്രികലേഖനത്തിന്റെ പ്രഖ്യാപനഫലമാണ്. ഈ ചാക്രികലേഖനത്തിലൂടെ പരിശുദ്ധ പിതാവ് ലെയോ 13-ാം പാപ്പ പൗരസ്ത്യസഭകളുടെ അസ്തിത്വവും അവകാശവും അംഗീകരിക്കാൻ ആഗ്രഹിച്ചു. കാരണം അവ കൂടാതെ കത്തോലിക്കാസഭയിൽ വെളിപാടിന്റെ രഹസ്യങ്ങളുടെ പൂർണ്ണത അസാധ്യമാണ്. അതുകൊണ്ട് ഈ ചാക്രികലേഖനംവഴി പൗരസ്ത്യസഭകളിലെ ലത്തീൻവത്കരണം പാപ്പാ നിരോധിക്കുകയും അവരുടെ കലർപ്പില്ലാത്ത പാരമ്പര്യങ്ങളോട് വിശ്വസ്തരായിരിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ, സീറോ മലബാർ സഭയുടെ പുനരുദ്ധാരണപ്രക്രിയ പരിഗണിക്കുമ്പോൾ ആരംഭത്തിൽ അതിനു മുൻകൈയെടുത്തത് സീറോ മലബാർ സഭയുടെ ഹയരാർക്കിയല്ല മറിച്ച് റോമിലെ മാർപ്പാപ്പമാരാണ് എന്നു മനസ്സിലാക്കാം.

‘കിഴക്കിന്റെ മഹത്ത്വ’ത്തിലെ ചില പ്രധാന ആശയങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### പൗരസ്ത്യകത്തോലിക്കാ സഭകളുടെ മഹത്ത്വം

> അവർ നമുക്ക് ഉപഹാരമായി നല്കിയ അതിപുരാതനവും അനന്യവുമായ സ്മാരകങ്ങളുടെ അടിസ്ഥാനത്തിൽ ക്രൈസ്തവലോകത്തുടനീളം പൗരസ്ത്യസഭകൾക്കു ലഭിക്കുന്ന മഹത്ത്വത്തിനും ബഹുമാനത്തിനും അവർ തികച്ചും യോഗ്യരാണ്. എന്തെന്നാൽ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് മനുഷ്യരാശിയുടെ രക്ഷയുടെ ആദ്യ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത് ലോകത്തിന്റെ ആ ഭാഗത്താണ്. അവർ

അതിവേഗം ഫലം പുറപ്പെടുവിച്ചു. ജനതകളോടു സത്യവിശ്വാസം പ്രഘോഷിച്ചതിന്റെയും രക്തസാക്ഷിത്വത്തിന്റെയും വിശുദ്ധിയുടെയും മഹത്ത്വങ്ങൾ ആദ്യം പൂവണിഞ്ഞു. അവർ നമുക്കു രക്ഷയുടെ ഫലങ്ങളുടെ പ്രഥമ സന്തോഷങ്ങൾ നല്കി. അവരിൽനിന്ന് ലോകത്തിലെ മറ്റു ജനതകളുടെമേൽ അവർ എത്ര വിദൂരത്താണെങ്കിലും അത്ഭുതകരമായവിധം മഹത്തായതും ശക്തവുമായ ആനുകൂല്യങ്ങളുടെ ഒരു പ്രളയം വന്നിരിക്കും.

## പൗരസ്ത്യകത്തോലിക്കാസഭകളുടെ ആരാധനക്രമങ്ങളിലെ ഭാഷകളുടെയും ആചാരങ്ങളുടെയും മഹത്ത്വം

വൈവിധ്യമാർന്ന അനുഷ്ഠാനങ്ങളുടെ ശ്രദ്ധേയകാഴ്ച്ചയ്ക്കും, പൗരാണികകാലത്തെ ഭാഷകളുടെ കുലീനമായ മാതൃകകൾക്കും – ശ്ലീഹന്മാരും പിതാക്കന്മാരും തങ്ങളുടെ ഉപയോഗത്താൽ കൂടുതൽ ശ്രേഷ്ഠമാക്കിയ – അപ്പുറം ദൈവത്തിന്റെ സഭയിൽ കാതോലികതയുടെ അടയാളത്തെ ഇത്ര ഫലപ്രദമായി വ്യാഖ്യാനിക്കുന്നതിന് മറ്റൊന്നിനുമാവില്ല. അവരുടെ സമർപ്പണം സഭയ്ക്കു സമർപ്പിക്കുന്നു.

## വൈവിധ്യങ്ങളിലൂടെയുള്ള കത്തോലിക്കാസഭയുടെ സമ്പന്നത

യഥാർത്ഥത്തിൽ പൗരസ്ത്യറീത്തുകൾ സംരക്ഷിക്കപ്പെടുന്നതിന് വിചാരിക്കുന്നതിലും അധികം പ്രാധാന്യമുണ്ട്. മറ്റു റീത്തുകൾക്ക് കുലീനത പകരുന്ന അവരുടെ പൗരാണികത്വം മഹനീയമാണ്. ഇത് സഭ മുഴുവനിലും ഉജ്ജ്വലമായ ഒരു രത്നമാണ്, ഇതു കത്തോലിക്കാവിശ്വാസത്തിന്റെ ദൈവദത്തമായ ഐക്യത്തെ സ്ഥിരീകരിക്കുന്നു. പൗരസ്ത്യസഭകളുടെ ആരാധനക്രമത്തിന്റെയും ശിക്ഷണക്രമത്തിന്റെയും വൈവിധ്യം നിയമത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നിടത്തോളം അതിന്റെ ഇതരനന്മകൾക്കു പുറമേ അതു സഭയുടെ മഹത്ത്വത്തിനും ഉപയോഗത്തിനും ഏറെ ഗുണകരമായിട്ടുണ്ട്.

## പൗരസ്ത്യ കത്തോലിക്കാ സഭകളെ സംരക്ഷിക്കാനുള്ള ആഗോള സഭയുടെ ഉറച്ച നിലപാട്

സമർപ്പിതരോ അല്ലാത്തവരോ ആയ പുരോഹിതർ ഉൾപ്പെടുന്ന ലത്തീൻ റീത്തിലെ ഏതെങ്കിലും മിഷനറിമാർ തന്റെ ഉപദേശമോ സഹായമോ ഉപയോഗിച്ച് പൗരസ്ത്യസഭകളിലെ ഏതെങ്കിലുമൊരു വിശ്വാസിയെ ലത്തീൻ റീത്തിലേക്ക് മാറാൻ പ്രേരിപ്പിച്ചാൽ അദ്ദേഹം അതിനാൽത്തന്നെ തന്റെ ഉദ്യോഗത്തിൽനിന്ന് പുറത്താവുകയും ഒഴിവാക്കപ്പെടുകയും ചെയ്യും. ഒപ്പം 'ദെമാൻദാത്താം' (Demandatam)





*Bishops at St Peter's Square during the  Second Vatican Council (1962 - 1965)*

എന്ന കോൺസ്റ്റിറ്റ്യൂഷനിൽ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ 'Ipso facto suspension a divinis' ഉം മറ്റു ശിക്ഷാവിധികളും അദ്ദേഹം നേരിടേണ്ടിവരും. ഈ കല്പന സ്ഥിരവും നിലനില്ക്കുന്നതും ആയതിനാൽ നാം ഇതിന്റെ ഒരു പകർപ്പ് ലത്തീൻ ആചാരപ്രകാരമുള്ള പള്ളികളിൽ പരസ്യമായി പ്രദർശിപ്പിക്കുവാൻ ഉത്തരവിടുന്നു.

ലത്തീൻ റീത്തിലേക്ക് മാറിയ പൗരസ്ത്യറീത്തിൽപ്പെട്ട ഏതൊരു വ്യക്തിക്കും ഈ മാറ്റത്തിന് പൊന്തിഫിക്കൽ റെസ്ക്രിപ്റ്റ് (Rescript) വഴി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ശ്ലൈഹിക സിംഹാസനത്തോട് അപേക്ഷിച്ചാൽ അയാളുടെ യഥാർത്ഥ റീത്തിലേക്ക് മടങ്ങാൻ അനുവാദമുണ്ട്.

സ്വന്തം ഓർഡിനറിയുടെ (മെത്രാന്റെ) സാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്ത പൗരസ്ത്യറീത്തിൽപ്പെട്ട ആർക്കും ലിംഗഭേദമെന്യേ ലത്തീൻ റീത്തിൽപ്പെട്ട ഓർഡറുകളിലേക്കോ സമർപ്പിതസമൂഹങ്ങളിലേക്കോ പ്രവേശനം നല്കുന്നത് നിയമാനുസൃതം അല്ല.

## 2. പൗരസ്ത്യസഭകൾ *(Orientalium Ecclesiarum)* (1964 നവംബർ 21-ാം തീയതി പോൾ ആറാമൻ പാപ്പാ പൗരസ്ത്യ റീത്തിലെ കത്തോലിക്കാസഭകളെക്കുറിച്ചു പുറപ്പെടുവിച്ച ഡിക്രി)





*Episcopal Ordination of Mar Joseph Powathil by Pope Paul VI at St Peter's Basilica (13 Februaray1972)*

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ സ്വഭാവത്താലേ പൗരസ്ത്യകത്തോലിക്കാസഭകളെ ബാധിക്കുന്നവയൊഴികെയുള്ള എല്ലാ പ്രായോഗിക നിയമങ്ങളും റോമൻ റീത്തിനെ മാത്രം ബാധിക്കുന്നതാണ്. ഇവിടെയാണ്, പൗരസ്ത്യ കത്തോലിക്കാസഭകളുടെ പൈതൃകത്തെക്കുറിച്ചുള്ള 'പൗരസ്ത്യസഭകൾ' *(Orientalium Ecclesiarum)* എന്ന മറ്റൊരു വത്തിക്കാൻ കൗൺസിൽ രേഖയുടെ പ്രാധാന്യം. ഇതിനുപുറമേ, 1990 ഒക്ടോബർ 18-നു നല്കപ്പെട്ട പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത, 1996-ലെ നിർദ്ദേശം എന്നീ രേഖകൾ പൗരസ്ത്യ കത്തോലിക്കാസഭകളുടെ ആരാധനക്രമത്തെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ഇതിൽനിന്നു വ്യക്തമാകുന്നത്, തങ്ങളുടെ ആരാധനക്രമത്തിന്റെ പുനരുദ്ധാരണവും നവീകരണവുമായ കാര്യങ്ങളിൽ വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയുടെ *(Sacrosanctum Concilium)* പൊതുതത്ത്വങ്ങൾ മാത്രം സ്വീകരിക്കുകയും, എന്നാൽ തനതായതും വ്യക്തിഗതവുമായ കാര്യങ്ങളിൽ അവർ പാലിക്കേണ്ടത് 'പൗരസ്ത്യസഭകൾ' *(Orientalium Ecclesiarum)*, പൗരസ്ത്യസഭകൾക്കുള്ള കാനൻ നിയമസംഹിത, നിർദ്ദേശങ്ങൾ (Instruction) എന്നീ രേഖകളുമാണ് എന്നതാണ്. പൗരസ്ത്യസഭകൾ എന്ന പ്രമാണരേഖയിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ താഴെക്കൊടുക്കുന്നു.



### സാർവ്വത്രികസഭയുടെ അവിഭക്തപൈതൃകം പ്രതിനിധാനം ചെയ്യുന്നതിൽ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ സംഭാവന

പൗരസ്ത്യസഭകളുടെ സംവിധാനങ്ങൾ, ദൈവാരാധനാരീതികൾ, സഭാപാരമ്പര്യങ്ങൾ, ക്രൈസ്തവജീവിതസമ്പ്രദായം എന്നിവ കത്തോലിക്കാസഭ മഹത്തായി പരിഗണിക്കുന്നു. കാരണം, ആദരണീയമായ പുരാതനത്വംകൊണ്ട് ബഹുമാനമർഹിക്കുന്നവ എന്ന നിലയ്ക്ക് പിതാക്കന്മാർവഴി നല്കപ്പെട്ട ശ്ലൈഹികപാരമ്പര്യം അവയിൽ വെളിപ്പെടുന്നു. ഇവ സാർവ്വത്രികസഭയിലെ ദൈവികവെളിപാടിന്റെ അവിഭക്തമായ പൈതൃകസമ്പത്തിന്റെ ഭാഗമാണ് (OE 1).

ഓരോ വ്യക്തിസഭയുടെയും അഥവാ റീത്തിന്റെയും പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനില്ക്കണമെന്നതാണ് കത്തോലിക്കാസഭയുടെ ലക്ഷ്യം (OE 2).

### പൗരസ്ത്യകത്തോലിക്കാസഭകളുടെ സംരക്ഷണത്തിന്റെയും ഉന്നമനത്തിന്റെയും ആവശ്യകത

അതിനാൽ ലോകം മുഴുവനിലും എല്ലാ വ്യക്തിസഭകളുടെയും സംരക്ഷണത്തിനുവേണ്ടവ സജ്ജീകരിക്കേണ്ടിയിരിക്കുന്നു. തന്നിമിത്തം, ആത്മീയനന്മയ്ക്ക് ആവശ്യമായിടങ്ങളിൽ ഇടവകകളും സ്വന്തം ഹയരാർക്കിയും സ്ഥാപിക്കണം (OE 4).

എല്ലാ പൗരസ്ത്യരും സ്വന്തം നിയമാനുസൃതമായ ആരാധനക്രമരീതികളും ശിക്ഷണക്രമവും പാലിക്കാൻ കഴിയുമെന്നും അതിനു കടപ്പെട്ടിരിക്കുന്നുവെന്നും നൈസർഗ്ഗികവും ജീവാത്മകവുമായ പുരോഗതിക്കുവേണ്ടിയല്ലാതെ ഒരു വ്യതിയാനവും അവയിൽ വരുത്താൻ പാടില്ലെന്നും അറിയുകയും സുനിശ്ചിതമായി ബോധ്യപ്പെടുകയും ചെയ്യട്ടെ. അതുകൊണ്ട് ഇവയെല്ലാം പരമാവധി വിശ്വസ്തതയോടെ പൗരസ്ത്യരാൽത്തന്നെ പാലിക്കപ്പെടണം. ഇക്കാര്യങ്ങൾ സംബന്ധിച്ച് അനുദിനം കൂടുതൽ അറിവുനേടുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലങ്ങളുടെയും വ്യക്തികളുടെയും സാഹചര്യങ്ങളാൽ അനുചിതമായി വ്യതിചലിച്ചിട്ടുണ്ടെങ്കിൽ പൂർവ്വികപാരമ്പര്യങ്ങളിലേക്കു തിരികെപ്പോകാൻ അവർ തീവ്രയത്നം ചെയ്യട്ടെ (OE 6).

കൂദാശകളും അവയുടെ ആഘോഷവും പരികർമ്മവും സംബന്ധിച്ചു പൗരസ്ത്യസഭകളിൽ നിലനില്ക്കുന്ന പുരാതന നടപടിക്രമം പരിശുദ്ധ സാർവ്വത്രിക സൂനഹദോസ് സ്ഥിരീകരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ അവ നവീകരിക്കണമെന്നും ആഗ്രഹിക്കുന്നു (OE 12).

പൗരസ്ത്യ വൈദികരും സന്ന്യാസിമാരും പുരാതനകാലം മുതലേ എല്ലാ പൗരസ്ത്യസഭകളിലും അത്യന്തം ബഹുമാനമായി കരുതപ്പെട്ടിരുന്ന സ്വന്തം ക്രമത്തിലെ നിർദ്ദേശങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനുസൃതമായി യാമപ്രാർത്ഥനകൾ ആഘോഷിക്കേണ്ടതാണ് (OE 22).

### സഭൈക്യപ്രവർത്തനങ്ങളിൽ പൗരസ്ത്യകത്തോലിക്കാസഭയുടെ പങ്ക്

റോമായിലെ ശ്ലൈഹികസിംഹാസനത്തോടു സംസർഗ്ഗമുള്ള പൗരസ്ത്യസഭകൾക്ക് ക്രിസ്ത്യാനികളുടെ മുഴുവൻ, പ്രത്യേകിച്ച് പൗരസ്ത്യരുടെ, ഐക്യം എക്യുമെനിസത്തെക്കുറിച്ചുള്ള ഈ പരിശുദ്ധ സൂനഹദോസിന്റെ ഡിക്രിയുടെ തത്ത്വങ്ങൾക്കനുസൃതമായി പ്രാർത്ഥനയാലും ജീവിതമാതൃകയാലും പുരാതന പൗരസ്ത്യപാരമ്പര്യങ്ങളോടുള്ള ധർമ്മനിഷ്ഠമായ വിശ്വസ്തതയാലും പരസ്പരമുള്ള കൂടുതൽ ധാരണയാലും സഹകരണത്താലും കാര്യങ്ങളുടെയും ചൈതന്യത്തിന്റെയും സഹോദരനിർവ്വിശേഷമായ പരിഗണനയാലും പരിപോഷിപ്പിക്കാൻ പ്രത്യേക ചുമതലയുണ്ട് (OE 24).

### 3. *Unitatis Redintegratio* (1964 നവംബർ 21-ന് പോൾ ആറാം പാപ്പ പുറപ്പെടുവിച്ച സഭൈക്യത്തെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖ)

പൗരസ്ത്യസഭകളുടെ വളരെ സമ്പന്നമായ ആരാധനക്രമ ആദ്ധ്യാത്മിക പൈതൃകം എല്ലാവരാലും അറിയപ്പെടുകയും ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ക്രൈസ്തവപാരമ്പര്യത്തിന്റെ പൂർണ്ണതയുടെ വിശ്വസ്തമായ സംരക്ഷണത്തിനും പൗരസ്ത്യ പാശ്ചാത്യ ക്രൈസ്തവരുടെ അനുരഞ്ജനം സാധ്യമാക്കുന്നതിനും ഇതു പരമോന്നത പ്രാധാന്യമുള്ളതാണെന്ന് എല്ലാവരും തിരിച്ചറിയണം (UR 15).

വിവിധ പാരമ്പര്യങ്ങളിലുള്ള എല്ലാ ആദ്ധ്യാത്മിക, ആരാധനക്രമ, ശിക്ഷണക്രമ, ദൈവശാസ്ത്രപൈതൃകം സഭയുടെ പൂർണ്ണ കത്തോലിക്കാ ശ്ലൈഹിക സ്വഭാവത്തിൽ ഉൾച്ചേർന്നിരിക്കുന്നുവെന്ന് ഈ സൂനഹദോസ് പ്രഖ്യാപിക്കുന്നു (UR 17).



### 4. കിഴക്കിന്റെ വെളിച്ചം *(Orientale Lumen)* (ലെയോ 13-ാം പാപ്പായുടെ കിഴക്കിന്റെ മഹത്ത്വത്തിന്റെ നൂറാം വാർഷികത്തിൽ 1995 മേയ് 2-ാം തീയതി ജോൺ പോൾ രണ്ടാം പാപ്പാ എഴുതിയ ശ്ലൈഹിക ലേഖനം)



*Pope John Paul II at the inaugural celebration of the restored Holy Qurbana of the Syro-Malabar Church (Kottayam, Kerala, 8 February 1986)*

പൗരസ്ത്യ കത്തോലിക്കാസഭകളുടെ പദവി അംഗീകരിക്കുന്നതിൽ 'കിഴക്കിന്റെ മഹത്ത്വം' എന്ന ചാക്രികലേഖനത്തിന്റെ പങ്ക് എത്രയോ പ്രധാനപ്പെട്ടതാണെന്ന് നാം കണ്ടുകഴിഞ്ഞു. യഥാർത്ഥത്തിൽ, സാർവ്വത്രിക സഭയിൽ പൗരസ്ത്യകത്തോലിക്കാ സഭകളുടെ ഒഴിച്ചുകൂടാനാവാത്ത പങ്ക് തിരിച്ചറിഞ്ഞ കത്തോലിക്കാ സഭാചരിത്രത്തിലെ ആദ്യ ശ്ലൈഹികരേഖയാണിത്. 1917-ൽ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം സ്ഥാപിക്കുന്നതിനും 1920-ൽ സുറിയാനി സഭാപിതാവായ മാർ അപ്രേമിനെ സാർവ്വത്രികസഭയുടെ വേദപാരംഗതൻ ആയി പ്രഖ്യാപിക്കുന്നതിനും ഈ ചാക്രികലേഖനം പ്രേരകമായിട്ടുണ്ടായിരിക്കാം. യഥാർത്ഥത്തിൽ 'കിഴക്കിന്റെ മഹത്ത്വ'ത്തിന്റെ പ്രാധാന്യവും സാർവ്വത്രികസഭയ്ക്ക് അതു നല്കിയ സംഭാവനകളുമാണ് അതിന്റെ പ്രഖ്യാപനത്തിന്റെ നൂറാം വാർഷികത്തിൽ 1995 മേയ് 2-ാം തീയതി 'കിഴക്കിന്റെ വെളിച്ചം' *(Orientale Lumen)* എന്ന ശ്ലൈഹികലേഖനം എഴുതാൻ ജോൺ പോൾ രണ്ടാമൻ പാപ്പായെ പ്രേരിപ്പിച്ചിരിക്കുക. കിഴക്കിന്റെ വെളിച്ചം പൗരസ്ത്യസഭകളെ മാത്രം അഭിസംബോധന ചെയ്യപ്പെട്ടിട്ടുള്ളതല്ല; മറിച്ച് പൗരസ്ത്യ കത്തോലിക്കാസഭകളുടെ സാർവ്വത്രിക പ്രാധാന്യത്തെക്കുറിച്ചും പൗരസ്ത്യസഭകളുടെ കാഴ്ച്ചപ്പാടിൽ ചില മൂല്യങ്ങളെ കാണു

ന്നതിനെക്കുറിച്ചും എല്ലാ കത്തോലിക്കാസഭകൾക്കുമായി എഴുതപ്പെട്ട ശ്ലൈഹികലേഖനമാണിത്. ഇതെല്ലാം കാണിക്കുന്നത് പൗരസ്ത്യ കത്തോലിക്കാ സഭകളും അവയുടെ ധന്യമായ പാരമ്പര്യങ്ങളും സാർവ്വത്രികസഭയിൽ എത്രമാത്രം വിലമതിക്കപ്പെടുന്നുവെന്നതാണ്. കിഴക്കിന്റെ വെളിച്ചത്തിലെ ചില പ്രധാനപ്പെട്ട ആശയങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

### സാർവ്വത്രികസഭയിൽ പൗരസ്ത്യകത്തോലിക്കാസഭയ്ക്കുള്ള ഒഴിവാക്കാനാവാത്ത സ്ഥാനം

മിശിഹായുടെ സഭയുടെ പിതൃസ്വത്തിന്റെ അവിഭാജ്യമായ ഒരു ഘടകമാണ് പൗരസ്ത്യസഭകളുടെ ആദരണീയവും പുരാതനവുമായ പാരമ്പര്യം. അതിനാൽ കത്തോലിക്കർ ഒന്നാമതായി ചെയ്യേണ്ടത് ആ പാരമ്പര്യത്തിൽ പരിപോഷിപ്പിക്കപ്പെടുമാറ് അതിനെ പരിചയപ്പെടുകയും ഓരോരുത്തർക്കും സാധിക്കുന്നതിന്റെ പരമാവധി ഐക്യപരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് (OL 1).

കത്തോലിക്കാസഭയിലെ ലത്തീൻ പാരമ്പര്യത്തിൽപ്പെട്ട അംഗങ്ങളും ഈ നിക്ഷേപം എന്തെന്ന് നന്നായി അറിയണം. തിരുസ്സഭയുടെ സാർവ്വത്രികതയുടെ പൂർണ്ണമായ പ്രകാശനം സഭയിലും ലോകത്തിലും പുനരുദ്ധരിക്കപ്പെടണമെന്നുള്ള തീവ്രമായ ആഗ്രഹം മാർപ്പാപ്പായോടൊപ്പം അവർക്കും അനുഭവമാകണം. സഭയുടെ ഈ സാർവ്വത്രികത ഒരൊറ്റ പാരമ്പര്യത്തിലൂടെയോ, പ്രത്യേകിച്ച് മറ്റൊന്നിനോട് വിരോധഭാവമുള്ള ഒറ്റ സമൂഹത്തിലൂടെയോ അല്ല പ്രകാശിതമാകുന്നത്. പാശ്ചാത്യസഭയിലെന്നപോലെ പൗരസ്ത്യസഭകളുടെ ജീവിതത്തിലും സംരക്ഷിക്കപ്പെടുകയും വളരുകയും ചെയ്യുന്ന സാർവ്വത്രികസഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിനെ നാമേവരും പൂർണ്ണമായി ആസ്വദിക്കാൻ ഇടയാക്കണം (OL 1).

### പൗരസ്ത്യകത്തോലിക്കാസഭകളുടെ ആരാധനക്രമത്തിലുള്ള ദൈവശാസ്ത്രസമീപനം

ത്രിത്വാത്മകയാഥാർത്ഥ്യത്തിന്റെയും കൗദാശികജീവിതത്തിലുള്ള അതിന്റെ അനാവരണത്തെയും ശക്തമായി ഊന്നിപ്പറയുന്നുണ്ടെങ്കിലും ദൈവസ്വഭാവത്തിന്റെ ഐക്യത്തിലുള്ള വിശ്വാസത്തോടൊപ്പം ദൈവികസത്ത അഗ്രാഹ്യമാണെന്നുള്ള വസ്തുതയും പൗരസ്ത്യസഭകൾ പ്രഖ്യാപിക്കുന്നു. പൗരസ്ത്യ സഭാപിതാക്കന്മാർ എപ്പോഴും തറപ്പിച്ചുപറയുന്നത് ദൈവം എന്താണെന്നറിയുക അസാധ്യമാണെന്നാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായി രക്ഷാചരിത്രത്തിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു (OL 6).

ദൈവികയാഥാർത്ഥ്യം അവാച്യമാണെന്നുള്ള ബോധം ആരാധനാനുഷ്ഠാനത്തിൽ പ്രതിഫലിക്കുന്നുണ്ട്. രഹസ്യാത്മകത ആരാധനയിൽ ആഴത്തിൽ അനുഭവിക്കുന്നവരാണ് എല്ലാ പൗരസ്ത്യ ക്രൈസ്തവരും (OL 6).

പാരമ്പര്യവും പ്രതീക്ഷയുമെന്ന യാഥാർത്ഥ്യത്തെ കിഴക്ക് (പൗരസ്ത്യസഭകൾ) സജീവമായ വിധത്തിൽ പ്രകാശിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് അതിന്റെ ആരാധനക്രമം മുഴുവൻ രക്ഷയുടെ അനുസ്മരണവും കർത്താവിന്റെ പ്രത്യാഗമനത്തിനായുള്ള പ്രാർത്ഥനയുമാണ് (OL 8).

### പൗരസ്ത്യകത്തോലിക്കാസഭകളുടെ ആരാധനക്രമ ആഘോഷങ്ങളുടെ അതുല്യത

പൗരസ്ത്യസഭകളിലെ ആരാധനക്രമമായ പ്രാർത്ഥന മനുഷ്യവ്യക്തിയെ അവന്റെ അഥവാ അവളുടെ സമ്പൂർണ്ണതയിൽ ഉൾപ്പെടുത്തുവാനുള്ള വലിയൊരു പ്രവണത കാണിക്കുന്നുണ്ട്. ഉള്ളടക്കത്തിന്റെ ഔന്നത്യഭാവത്തിൽത്തന്നെ (ദിവ്യ)രഹസ്യം ആലപിക്കപ്പെടുന്നു; അതേസമയം രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ഹൃദയത്തിൽ വികാരത്തള്ളൽ ഉണർത്തുകയും ചെയ്യുന്നു. പരിശുദ്ധ കർമ്മത്തിൽ ശാരീരികതപോലും സ്തുതിക്കാനായി ആഹ്വാനം ചെയ്യപ്പെടുന്നു; ദൈവികൈക്യത്തെ പ്രകാശിപ്പിക്കുന്ന ഏറ്റവും ഇഷ്ടപ്പെട്ട നാമങ്ങളി



*Invocation of the Holy Spirit during Holy Qurbana*

ലൊന്നായും രൂപാന്തരീഭവിച്ച മനുഷ്യത്വത്തിന്റെ മാതൃകയായും പൗരസ്ത്യസഭകളിൽ സൗന്ദര്യം എല്ലായിടത്തും കാണപ്പെടുന്നു: ദൈവാലയത്തിന്റെ ആകൃതിയിൽ, ശബ്ദങ്ങളിൽ, നിറങ്ങളിൽ, വെളിച്ചത്തിൽ, സൗരഭ്യത്തിൽ. സുദീർഘമായ ആഘോഷങ്ങൾ, ആവർത്തിച്ചുള്ള പ്രാർത്ഥനകൾ എല്ലാം പ്രകാശിപ്പിക്കുന്നത്, ഒരുവൻ തന്റെ പൂർണ്ണ വ്യക്തിത്വത്തോടുകൂടി ആഘോഷിക്കുന്ന രഹസ്യത്തോട് പടിപടിയായി താദാത്മ്യപ്പെടുന്നതിനെയാണ്. അങ്ങനെ സഭയുടെ പ്രാർത്ഥന ഇപ്പോൾത്തന്നെ സ്വർഗ്ഗീയാരാധനയിലെ പങ്കുചേരലായി ഭവിക്കുന്നു, നിത്യാനന്ദത്തിന്റെ മുന്നാസ്വാദനമായിത്തീരുന്നു (OL 11).

ഇതേക്കുറിച്ചു ധ്യാനിക്കുമ്പോൾ, ക്രിസ്തീയാനുഭവത്തെ കൂടുതൽ പൂർണ്ണമായും ആഴത്തിലും മനസ്സിലാക്കുവാൻ സഹായിക്കുന്ന വലിയ പ്രാധാന്യമുള്ള ഘടകങ്ങൾ എന്റെ കൺമുമ്പിൽ ഞാൻ കാണുന്നു. ഇന്നത്തെ സ്ത്രീപുരുഷന്മാരുടെ പ്രതീക്ഷകൾക്ക് കൂടുതൽ പൂർണ്ണമായ ക്രിസ്തീയപ്രതികരണം നല്കാൻ ഈ ഘടകങ്ങൾക്കു കഴിയും (OL 5).

## ദൈവത്തെ അദൃശ്യമായി മനസ്സിലാക്കുന്ന വിശിഷ്ടമായ മാർഗ്ഗം

പൗരസ്ത്യക്രിസ്തീയതയുടെ 'അപ്പോഫാറ്റിസം' (apophatism) - നിഷേധസിദ്ധാന്തപ്രകാരം ദൈവത്തെ അറിയുന്നത് - ഇങ്ങനെയാണുണ്ടായത്. ദൈവത്തെക്കുറിച്ചുള്ള അറിവിൽ മനുഷ്യൻ കൂടുതൽ വളരുന്നതനുസരിച്ച് സത്ത ഗ്രഹിക്കാനാവാത്ത അപ്രാപ്യമായ രഹസ്യമാണ് ദൈവമെന്ന കൂടുതൽ അവബോധം അവനുണ്ടാകുന്നു. പിടികൊടുക്കാത്തതും വ്യക്തിപരമല്ലാത്തതുമായ യാഥാർത്ഥ്യങ്ങളിൽ മനുഷ്യൻ സ്വയം നഷ്ടപ്പെടുത്തുന്ന സ്പഷ്ടമല്ലാത്ത ആദ്ധ്യാത്മദർശനമായി ഇതിനെ കൂട്ടിക്കുഴയ്ക്കരുത്. നേരേ മറിച്ച്, പൗരസ്ത്യക്രിസ്ത്യാനികൾ തിരിയുന്നത്, ജീവിക്കുന്ന വ്യക്തികളായി വാത്സല്യപൂർവ്വം സന്നിഹിതിനായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിലേക്കാണ്. ദൈവത്തിന് അവർ ആഘോഷപൂർവ്വവും വിനീതവും പ്രൗഢവും ലളിതവുമായ ആരാധനാസ്തോത്രങ്ങളർപ്പിക്കുന്നു. എന്നാൽ ഒരുവൻ ഈ സന്നിധാനത്തിലേക്ക് കൂടുതൽ അടുക്കുന്നത് സർവ്വോപരി ആരാധനാത്മകമായ നിശബ്ദതയിൽ പരിശീലിപ്പിക്കപ്പെടാൻ സ്വയം അനുവദിക്കുമ്പോഴാണെന്ന് അവർ ഗ്രഹിക്കുന്നു. കാരണം, ദൈവത്തെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതിന്റെ പരമകാഷ്ഠയിലെത്തുമ്പോൾ കാണുന്നത് അവിടുത്തെ സമ്പൂർണ്ണമായ അതീന്ദ്രിയാവസ്ഥയാണ്. വ്യവസ്ഥാനുസൃതമായ ധ്യാനത്തേക്കാൾ വിശുദ്ധ ലിഖിതത്തിന്റെയും ആരാധനക്രമത്തിന്റെയും പ്രാർത്ഥനാപൂർണ്ണമായ സ്വാംശീകരണത്തിലൂടെയാണ് ഈ അവസ്ഥയിൽ എത്തിച്ചേരുക (OL16).



## 5. 1996 ജനുവരി 6, പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയിലെ ആരാധനക്രമ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം

പൗരസ്ത്യ കത്തോലിക്കാസഭകളുടെ ആരാധനക്രമപാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെയും പരിപോഷിപ്പിക്കപ്പെടേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് പരിശുദ്ധ സിംഹാസനം പുറപ്പെടുവിച്ച മറ്റൊരു രേഖയാണിത്. പൗരസ്ത്യ കത്തോലിക്കാസഭകളുടെ ആരാധനക്രമപാരമ്പര്യങ്ങളുടെ സംരക്ഷണം ഈ സഭകൾക്കു മാത്രമല്ല ആഗോള കത്തോലിക്കാസഭയുടെ സമ്പന്നതയ്ക്ക് മുതൽക്കൂട്ടാകുന്നുവെന്ന് ഈ രേഖയിലൂടെ പൗരസ്ത്യസിംഹാസനം വെളിപ്പെടുത്തുന്നു. തങ്ങളുടെ സമ്പന്നമായ ആരാധനക്രമ-ആദ്ധ്യാത്മിക പാരമ്പര്യങ്ങളും ആചാരങ്ങളും ശിക്ഷണക്രമവും സംരക്ഷിക്കുവാനും കാത്തുസൂക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും സാർവ്വത്രികസഭ ആഗ്രഹിക്കുന്നുവെന്ന് പരിശുദ്ധ സിംഹാസനം പൗരസ്ത്യകത്തോലിക്കർക്ക് ഉറപ്പുനല്കുകയും ചെയ്യുന്നു. ഈ രേഖയിലൂടെ പരിശുദ്ധ സിംഹാസനം പൗരസ്ത്യ കത്തോലിക്കാസഭകളെ അവരുടെ ആരാധനക്രമത്തിലും പാരമ്പര്യങ്ങളിലും ആത്മീയതയിലും സമ്പൂർണ്ണ ആഘോഷത്തിലുള്ള യോജിപ്പ് വീണ്ടെടുക്കാൻ സഹായിക്കാൻ ആഗ്രഹിക്കുന്നു. അതുവഴിയായി ആഗോള കത്തോലിക്കാസഭ ഈ പ്രത്യേക പൈതൃകങ്ങളിലൂടെ സമ്പന്നമാക്കപ്പെടുന്നു.

പൗരസ്ത്യ കത്തോലിക്കാസഭയുടെ ആധികാരികമായ ആരാധനക്രമപാരമ്പര്യങ്ങൾ വീണ്ടെടുക്കാനുള്ള പ്രാഥമിക പരിശ്രമങ്ങൾ പരിശുദ്ധ സിംഹാസനത്തിന്റെ ഭാഗത്തുനിന്നു തന്നെയാണ് ഉണ്ടായതെന്ന് ഇത് ഒരിക്കൽക്കൂടി തെളിയിക്കുന്നു. ഈ രേഖ താഴെപ്പറയുന്ന കാര്യങ്ങൾക്ക് പ്രാമുഖ്യം നല്കുന്നു.



*His Eminence Cardinal Achille Silvestrini with Pope John Pall II*

'അനിഷേധ്യമായ മൂല്യം' 'ദൈവികമായി വെളിപ്പെട്ടത്' 'കത്തോലിക്കാസഭ

യുടെ അവിഭക്തമായ പൈതൃകം' കത്തോലിക്കാ പാരമ്പര്യങ്ങളുടെ വ്യത്യസ്തമായ പ്രത്യക്ഷീകരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് പൗരസ്ത്യ കത്തോലിക്കാസഭകളുടെ സമ്പന്നതയെന്ന് ഈ രേഖ വിവരിക്കുന്നു (നിർദ്ദേശങ്ങൾ 7).

### *'Unitatis Redintegratio'* എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭൈക്യത്തെ സംബന്ധിച്ച ഡിക്രി ഉദ്ധരിച്ചുകൊണ്ട് സഭൈക്യത്തെ വളർത്തുന്നതിന് പൗരസ്ത്യ കത്തോലിക്കാസഭകളിലെ ആധികാരിക ആരാധനക്രമങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പങ്ക് നിർദ്ദേശം (The Instruction) അടിവരയിടുന്നു

> ''പൗരസ്ത്യസഭകളുടെ സമൃദ്ധിയാർന്ന ആരാധനാപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരിക്കണം; കാത്തുസൂക്ഷിക്കുകയും പോറ്റിവളർത്തുകയും വേണം. പൂർണ്ണമായ ക്രിസ്തീയ പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കാനും കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവർ തമ്മിൽ ഐക്യം കൈവരുത്താനും ഇതനുപേക്ഷണീയമായ ആവശ്യമാണെന്നവർ മനസ്സിലാക്കണം'' (Instruction 2).



*Mar Joseph Srampickal with His Grace Dr. Mathews Mar Timothios, Metropolitan of UK, Europe and Africa Diocese of the Malankara Orthodox Syrian Church at St. Stephen's Indian Orthodox Church, Birmingham*



### ക്രൈസ്തവ ഉറവിടങ്ങളുടെ ആദ്ധ്യാത്മിക അനുഭവത്തിന്റെ നേരിട്ടുള്ള തുടർച്ച പൗരസ്ത്യ കത്തോലിക്കാസഭകൾ നിലനിർത്തുന്നുവെന്ന് നിർദ്ദേശം (The Instruction) നിരീക്ഷിക്കുന്നു

> പിതാക്കന്മാർ വിപുലമായി വിശദീകരിച്ചിട്ടുള്ള പ്രതീകാത്മക ബൈബിൾ ദൈവവിജ്ഞാനീയത്തെ പൗരസ്ത്യസഭകൾ അസൂയാർഹമായ വിധം കാത്തുസൂക്ഷിച്ചിട്ടുണ്ട്. ആരാധനാനുഷ്ഠാനത്തിൽ സൂചിതവും അതിനെ ചൂഴ്ന്നുനില്ക്കുന്നതുമായ ഭീതിജനകവും അവർണ്ണനീയവുമായ രഹസ്യാത്മകതയെ അവ സംരക്ഷിക്കുന്നു (Instruction 9).

### കുടിയേറ്റദേശങ്ങളിൽ പൗരസ്ത്യ കത്തോലിക്കാ തനിമയുടെ പരിരക്ഷ

> കൂടുതൽ ആതിഥ്യമര്യാദ ഉള്ളവയെന്നു വിശ്വസിക്കപ്പെടുന്ന, ലത്തീൻ പാരമ്പര്യം പ്രാബല്യത്തിലിരിക്കുന്ന സ്ഥലങ്ങളിലേക്ക് പൗരസ്ത്യരാ



*Purathu Namaskaram*
*(Celebrating Ramsha at the courtyard of Preston Cathedral)*

ജ്യങ്ങളിൽനിന്ന് വൻതോതിൽ കുടിയേറ്റങ്ങൾ നടക്കുന്ന ഇന്നത്തേതുപോലൊരു കാലഘട്ടത്തിൽ പൗരസ്ത്യതനിമ നഷ്ടപ്പെടാവുന്ന അപകടം പ്രത്യേകിച്ചും പ്രകടമാണ്. ഇപ്രകാരം താമസമുറപ്പിക്കുന്ന പൗരസ്ത്യവിശ്വാസികളുടെ പിതൃസ്വത്തിനാൽ ആതിഥേയരാജ്യങ്ങൾ സമ്പന്നമാക്കപ്പെടുന്നു. ഈ പിതൃസ്വത്തിന്റെ സംരക്ഷണം പൗരസ്ത്യ ഇടയന്മാർ മാത്രമല്ല കുടിയേറ്റ സ്ഥലങ്ങളിലെ ലത്തീൻ ഇടയന്മാരും നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. കാരണം, മിശിഹായുടെ സഭയുടെ ബഹുവർണ്ണസമ്പത്തിനെ അത് അത്ഭുതകരമായ രീതിയിൽ പ്രകാശിപ്പിക്കുന്നു (Instruction 10).

## പൗരസ്ത്യ കത്തോലിക്കരെ അവരുടെ കലർപ്പില്ലാത്ത തനതായ പാരമ്പര്യങ്ങളിൽ നിന്നകറ്റുന്ന എല്ലാ ശ്രമങ്ങളെയും നിർദ്ദേശം (The Instruction) അപലപിക്കുന്നു

ഈ നിക്ഷേപങ്ങൾ അഭിവൃദ്ധിപ്പെടണമെന്നും ലോകത്തിന്റെ സുവിശേഷവത്കരണത്തിന് എന്നത്തേക്കാൾ കാര്യക്ഷമമായ സംഭാവന നല്കണമെന്നും ആഗ്രഹിച്ചുകൊണ്ട്, പൗരസ്ത്യസഭാംഗങ്ങൾക്ക് അവ സംരക്ഷിക്കാനും അറിയാനും ജീവിക്കാനുമുള്ള അവകാശവും ചുമതലയുമുണ്ടെന്ന് പൗരസ്ത്യകത്തോലിക്കാസഭകളെ സംബന്ധിക്കുന്ന പ്രമാണരേഖയും തുടർന്നുണ്ടായ മറ്റു രേഖകളും ഉറപ്പിച്ചുപറയുന്നു. പൗരസ്ത്യവിശ്വാസികളെ തങ്ങളുടെ സഭകളിൽനിന്ന് അകറ്റിനിർത്താനുള്ള ഏതൊരു ശ്രമത്തെയും ഇതുവഴി വ്യക്തമായി അപലപിച്ചിരിക്കയാണ്. അംഗങ്ങളെ ഒരു സ്വയാധികാരസഭയിൽനിന്ന് മറ്റൊന്നിലേക്ക്, മാറുവാൻ പ്രേരിപ്പിക്കുന്ന, നൈയാമിക ഫലങ്ങളോടുകൂടിയ സ്പഷ്ടവും മാറ്റാനൊക്കാത്തതുമായ രീതിയിലുള്ളതാവാം ഈ ശ്രമം. അതല്ലെങ്കിൽ, അത്ര സ്പഷ്ടമായിട്ടല്ലാതെ, സ്വന്തം സഭാപൈതൃകത്തോടു ചേർന്നുപോകാത്ത ചിന്താരൂപങ്ങൾ, ആദ്ധ്യാത്മികത, ഭക്താനുഷ്ഠാനങ്ങൾ എന്നിവ സ്വായത്തമാക്കുന്നതിനെ അനുകൂലിച്ചുകൊണ്ടാവാം. റോമാ മാർപ്പാപ്പാമാർ പലപ്പോഴും ഊന്നിപ്പറഞ്ഞിട്ടുള്ളതും പതിമൂന്നാം ലെയോ മാർപ്പാപ്പാ 'കിഴക്കിന്റെ മഹത്ത്വം' *(Orientalium Dignitas)* എന്ന ശ്ലൈഹികലേഖനത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതുമായ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണിത്. (Instruction 10).

## പൗരസ്ത്യ കത്തോലിക്കാസഭകളിൽ നവോത്ഥാനവും പുരോഗതിയും

"ഏതൊരു മാറ്റവും മുൻകൂട്ടിയുള്ള തയ്യാറെടുപ്പോടെ വേണമെന്നുമാത്രമല്ല, ആധികാരികമായ പാരമ്പര്യങ്ങളിൽനിന്ന് പ്രചോദനം സ്വീകരിക്കുന്നതും അവയോട് ഒത്തുപോകുന്നതുമായിരിക്കണം" (Instruction 11).

ജീവാത്മകമായ വളർച്ചയ്ക്കുവേണ്ടിയല്ലാതെ പൗരസ്ത്യസഭകളുടെ അനുഷ്ഠാനങ്ങളിലും ശിക്ഷണങ്ങളിലും മാറ്റം വരുത്തുവാൻ പാടില്ലെന്ന് കൗൺസിൽ വ്യക്തമാക്കുന്നു. കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങളിൽപ്പെട്ട് അവ വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യങ്ങളിലേക്ക് തിരിയാൻ ശ്രമിക്കേണ്ടതാണെന്നും കൗൺസിൽ പഠിപ്പിക്കുന്നു (Instruction 12).

## പൗരസ്ത്യ കത്തോലിക്കാസഭകളിലെ ആരാധനക്രമത്തിന്റെ സമുന്നതസ്ഥാനം

പൗരസ്ത്യസഭകൾ ആരാധനാപൈതൃകത്തിനു നല്കുന്ന ഔന്നത്യം കൂടുതൽ മഹത്തരമാണ്. കാരണം, ക്രിസ്തീയജീവിതത്തിന്റെ അത്യുച്ചസ്ഥാനം എന്ന നിലയിൽ ലിറ്റർജിക്കുള്ള പ്രഥമസ്ഥാനം പ്രത്യേകമായ വിധം അവ നിലനിർത്തിയിരിക്കുന്നു. അങ്ങനെ പിതാക്കന്മാരുടെ കാലഘട്ടത്തിലെ സഭയുടെ ചൈതന്യത്തോട് ഈ സഭകൾ പരിപൂർണ്ണമായ വിശ്വസ്തത പുലർത്തുന്നു. അക്കാലത്ത് മതബോധനവും മതപരമായ ഇതരപഠനങ്ങളും നടത്തിയിരുന്ന വേദി ആരാധനക്രമമായിരുന്നു. സഭയുടെ ജീവിതം മുഴുവൻ ആരാധനയിൽ സംഗ്രഹിച്ചിരിക്കുന്നു. ഇന്നും ഈ മാതൃകയാണ് പൗരസ്ത്യസഭകൾക്ക് പ്രചോദനം നല്കുന്നത്, അവയുടെ ശക്തിയും അതുതന്നെ. (Instruction 15).



*Gospel Proclamation, Conclusion of Year of St Joseph at St Michael's Abbey, Farnborough*

## പൗരസ്ത്യ കത്തോലിക്കാസഭകളുടെ ആധികാരികമായ ആരാധനക്രമ പാരമ്പര്യത്തിന്റെ പുനരുദ്ധാരണത്തിന്റെ ആവശ്യകത

പാശ്ചാത്യപാരമ്പര്യത്തിന്റെ സ്വാധീനം ഉണ്ടായിട്ടുണ്ടെങ്കിലും ലിറ്റർജിയുടെ തലത്തിൽ പൗരസ്ത്യകത്തോലിക്കാസഭകൾ തങ്ങളുടെ ശരിയായ പാരമ്പര്യങ്ങളോടു കൂടുതൽ വിശ്വസ്തമായ യോജിപ്പ് പുലർത്തിയിട്ടുണ്ട്. വ്യതിചലനത്തിനു കാരണമാക്കിയതെല്ലാം നീക്കം ചെയ്തു കൂടുതൽ ആധികാരികതയും ഊർജ്ജസ്വലതയും വീണ്ടെടുക്കുന്ന ആരാധനക്രമങ്ങൾക്കാണ് പൗരസ്ത്യസഭകളുടെ പ്രത്യേകതനിമയിലുള്ള വളർച്ചയ്ക്ക് ഏറ്റം പറ്റിയ ആരംഭം കുറിയ്ക്കാവുന്നത്. അവയിൽ ആധുനികകാലത്തെ വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കാനും മനസ്സുകളെ പ്രകാശിപ്പിക്കാനും കഴിയുന്ന വാക്കുകളും ആംഗ്യങ്ങളും സ്വീകരിക്കാനാവും (Instruction 16).

## മെത്രാന്മാരുടെയും വൈദികരുടെയും വസ്ത്രങ്ങളും ആരാധനക്രമതിരുവസ്ത്രങ്ങളും

ലിറ്റർജി സംബന്ധമായ വസ്ത്രങ്ങളിൽ അനുചിതമായ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ, പരമ്പരാഗതനിയമങ്ങൾ പുനഃസ്ഥാപിക്കേണ്ടതാണ്. വൈദികരുടെ ലിറ്റർജിപരമല്ലാത്ത വസ്ത്രങ്ങളുടെ കാര്യത്തിൽ സ്വയാധികാര വ്യക്തിസഭകൾ പരമ്പരാഗത പൗരസ്ത്യ ശൈലിയിലേക്ക് തിരിച്ചുപോകുന്നത് ഉചിതമായിരിക്കും (Instruction 66).

## ഇതര ഭക്താഭ്യാസങ്ങൾ

വിശ്വാസികളുടെ ആദ്ധ്യാത്മികജീവിതത്തിനു സഹായകമായ പ്രത്യേകമായ ഭക്താനുഷ്ഠാനങ്ങൾ ഓരോ സഭയുടെയും പൈതൃകത്തിന് അന്യമായിത്തീരുക എന്നതു നല്ലതല്ല. പൈതൃകത്തിൽനിന്ന് സ്വതന്ത്രമായി അവ വികസിക്കുന്നപക്ഷം ആദ്ധ്യാത്മികതയുടെ 'സമാന്തര' രൂപങ്ങൾക്ക് അവ ജന്മം കൊടുത്തെന്നു വരാം. [...] വിശ്വാസികളുടെ സർവ്വസാധാരണമായ ഭക്താനുഷ്ഠാനങ്ങൾക്ക് [...] ആണ്ടുവട്ടത്തിലെ വിവിധ കാലഘട്ടങ്ങളോട് പൊരുത്തമുണ്ടായിരിക്കണം. ആരാധനക്രമത്തിനനുസൃതവുമാകണം - അവ ആരാധനക്രമത്തിൽ നിന്നുതന്നെ ഒരു വിധത്തിൽ മുളയെടുക്കുന്നവയും ജനങ്ങളെ അതിലേക്കടുപ്പിക്കുന്നവയുമാകണം. ആരാധനക്രമം പ്രകൃത്യാതന്നെ അവയെയെല്ലാം അതിശയിക്കുന്ന ഒന്നാണല്ലോ (Instruction 38).



## ഉപസംഹാരം

കുടിയേറ്റരാജ്യങ്ങളിലായിരിക്കുമ്പോഴും, പൗരസ്ത്യ കത്തോലിക്കാ സഭാവിശ്വാസികൾ തങ്ങളുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം എന്നിവ ഉൾപ്പെടുന്ന ആധികാരിക പാരമ്പര്യം ജീവിക്കണമെന്നത് പരിശുദ്ധ സിംഹാസനത്തിന്റെ ആഗ്രഹമാണെന്ന് മേൽപ്പറഞ്ഞ ചർച്ചകളിൽനിന്നും വിശകലനങ്ങളിൽനിന്നും നമുക്ക് വ്യക്തമാണ്. വാസ്തവത്തിൽ ഇതു പൗരസ്ത്യ കത്തോലിക്കാവിശ്വാസികളുടെ മേലുള്ള അടിച്ചേല്പ്പിക്കലല്ല; മറിച്ച് അവരുടെ കർത്തവ്യമാണ്. തങ്ങളുടെ സമ്പന്നമായ പാരമ്പര്യങ്ങളെ വിലമതിക്കാൻ അവരെ വളർത്താനും സ്വന്തം ആരാധനക്രമങ്ങളിൽത്തന്നെ അവരുടെ സഭാപരവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ നിറവേറ്റുവാനും മാത്രമാണ് ഇതിലൂടെ പരിശുദ്ധ സിംഹാസനം ആഗ്രഹിക്കുന്നത്. ക്രിസ്തീയ സത്യത്തിന്റെയും രക്ഷയുടെയും വെളിപാടിന്റെ പൂർണ്ണതയെ പൂരിതമാക്കുന്ന പൗരസ്ത്യ സഭകളുടെ വിവിധ ഘടകങ്ങളുടെ സമൃദ്ധിയിൽനിന്ന് സാർവ്വത്രിക സഭയ്ക്കും പ്രയോജനം ലഭിക്കണമെന്ന് പരിശുദ്ധ സിംഹാസനം അത്യധികമായി ആഗ്രഹിക്കുന്നു. ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ കത്തോലിക്കാ രൂപതയിലെ അംഗങ്ങളായ നമ്മൾ സഭാത്മകതനിമയിൽ എന്താകണമെന്നുള്ള സാർവ്വത്രികസഭയുടെ ആഗ്രഹം മനസ്സിലാക്കിക്കൊണ്ട് 'മാർത്തോമ്മാമാർഗ്ഗം' എന്ന നമ്മുടെ പ്രത്യേക പൗരസ്ത്യതനിമ നമുക്കു വിശകലനം ചെയ്യാം.



-II-

## എങ്ങനെയാണ് മാർത്തോമ്മാ നസ്രാണി തനിമയെക്കുറിച്ച് (മാർത്തോമ്മാമാർഗ്ഗം) പഠിക്കാനും ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ അത് ആധികാരികമായി ജീവിക്കാനും സാധിക്കുന്നത്?

നാം നമ്മെത്തന്നെ മാർത്തോമ്മാ നസ്രാണികളായി കണക്കാക്കുകയും നമ്മുടെ സഭാത്മകമായ ഉത്ഭവം മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ ഒന്നാം നൂറ്റാണ്ടിൽ നടത്തിയ സുവിശേഷപ്രഘോഷണത്തിൽ ആണെന്ന ബോധ്യത്തിൽ എത്തിനില്ക്കുകയും ചെയ്യുന്നു. വിശ്വാസത്തിൽ മാർത്തോമ്മാശ്ലീഹായുടെ മക്കൾ



എന്ന നിലയിൽ ശ്ലീഹായാൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ മാർ അദ്ദായി, മാർ മാറി എന്നിവരാൽ സ്ഥാപിതമായ എദേസ്സ, സെലൂഷ്യ-സ്റ്റെസിഫോൺ, പേർഷ്യ എന്നിവിടങ്ങളിലെ സഭകളുടെ അതേ ആരാധനക്രമവും ആദ്ധ്യാത്മികവുമായ പൈതൃകത്തിൽ നാം പങ്കുചേരുന്നു. ഈ സഭകൾ ഈശോയുടെ ശ്ലീഹന്മാരുടെ യഹൂദ-ക്രൈസ്തവ പൈതൃകം സ്വന്തമാക്കുകയും പൗരസ്ത്യ സുറിയാനി ഭാഷയിൽ വികസിക്കുകയും പൗരസ്ത്യസുറിയാനി അല്ലെങ്കിൽ കൽദായ റീത്തായി പരിണമിക്കുകയും ചെയ്തു. മേൽപറഞ്ഞ സഭകൾ മതപരമായും സാംസ്കാരികമായും ഭാഷാപരമായും വാണിജ്യപരമായുമുള്ള ബന്ധത്തിൽ തമ്മിൽ കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. അപ്രകാരം ദക്ഷിണേന്ത്യയിലെ നസ്രാണികൾ പൗരസ്ത്യ സുറിയാനി/കൽദായ റീത്ത് ആയിരുന്നുവെന്ന് മനസ്സിലാക്കാം. ദക്ഷിണേന്ത്യൻ ഭാഷയിലുള്ള സഭാപരമായ വാക്കുകളുടെ അഭാവവും ഈ ഭാഷകളിൽ സുറിയാനിഭാഷയിൽനിന്നും കടമെടുത്ത വാക്കുകളുടെ ബാഹുല്യവും ആദ്യകാലം മുതൽ മാർത്തോമ്മാനസ്രാണിസഭയുടെ പൗരസ്ത്യസുറിയാനി ഉത്ഭവത്തെ സാധൂകരിക്കുന്നു.

മാർത്തോമ്മാനസ്രാണികളുടെ സാംസ്കാരികവും മതപരവുമായ തനിമയെ മാർത്തോമ്മാമാർഗ്ഗം എന്നു വിളിക്കുന്നു. നമുക്ക് ഈ മാർത്തോമ്മാനസ്രാണി തനിമ എന്നത് ഒരു സമൂഹത്തിന്റെയും സ്ഥലങ്ങളുടെയും കുടുംബചരിത്രങ്ങളുടെയും പങ്കുവയ്ക്കപ്പെട്ട സവിശേഷതകളാണ്. ഇതുതന്നെയാണ് ഗ്രേറ്റ് ബ്രിട്ടനിലും മറ്റു പ്രവാസസ്ഥലങ്ങളിലും വസിക്കുന്ന സീറോ മലബാർ വിശ്വാസികളുടെ പ്രത്യേകതയും. അവ നമ്മുടെ ജന്മസ്ഥലം (യുവതലമുറയുടെ കാര്യത്തിൽ അവരുടെ മാതാപിതാക്കളുടെയോ പൂർവ്വപിതാക്കന്മാരുടെയോ ജനനസ്ഥലം) സീറോ മലബാർ നസ്രാണികൾ എന്ന നിലയിലുള്ള മതപരമായ തനിമ, ദൈവാരാധന ആഭിമുഖ്യങ്ങൾ, ഭാഷ, പാചകകല, സാമൂഹിക പെരുമാറ്റരീതികൾ, കല, സാഹിത്യം, സംഗീതം എന്നിവയും ഉൾക്കൊള്ളുന്നു. അതുകൊണ്ട് നമ്മൾ അവബോധം ഉള്ളവരാണെങ്കിലും അല്ലെങ്കിലും ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും സീറോ മലബാർ സഭയുടെ തനിമ നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. നമ്മുടെ ഈ സ്വത്വബോധം ലത്തീൻ സഭയിലെ സഹോദരങ്ങളുടേതുപോലെ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ വ്യാപകമല്ലായിരിക്കാം. അല്ലെങ്കിൽ വലിയൊരു വിഭാഗം ഇതുമായി സഹകരിക്കുന്നില്ലായിരി

ക്കാം. എന്നിരുന്നാലും മാർത്തോമ്മാനസ്രാണി തനിമ നമ്മളെ നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായോടും മാർത്തോമ്മാശ്ലീഹായോടും പൂർവ്വപിതാക്കന്മാരോടും അതുപോലെ മറ്റു പൈതൃകം പേറുന്ന സഭകളിലെ വിശ്വാസികളോടും നമ്മളെ ബന്ധപ്പെടുത്തുന്നു. അതിനാൽ, മാർത്തോമ്മാനസ്രാണി തനിമയുടെ മൂല്യവും സംസ്കാരവും ജനത്തിന്റെ യോഗ്യതയോ സമൃദ്ധിയോ അല്ലെങ്കിൽ സമൂഹത്തിന്റെ സ്വാധീനത്തിന്റെയോ ഗുണങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തപ്പെടേണ്ടതല്ല. ചുരുക്കത്തിൽ, മാർത്തോമ്മാനസ്രാണി തനിമ നമ്മുടെ വ്യക്തിപരവും ആത്മീയവുമായ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. ഈ തനിമ നമ്മൾ ആരാണെന്നും നമ്മൾ എവിടെയാണെന്നും നമ്മൾ ആരാകണമെന്നും നമ്മെ പഠിപ്പിക്കുന്നു.

ഭാഗ്യവശാൽ നമ്മിൽ ഏറെപ്പേരുടെ കാര്യത്തിൽ, നമ്മുടെ മാതാപിതാക്കന്മാരുടെയും ബന്ധുക്കളുടെയും സഹായത്താൽ നമ്മൾ മാർത്തോമ്മാനസ്രാണിത്തനിമയെക്കുറിച്ച് അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരും അതിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരുമാണ്. അതേസമയം, ഈ തനിമയെക്കുറിച്ച് ആവശ്യമായ സൈദ്ധാന്തികമായ അറിവ് കുറവായതുകൊണ്ട് അതേക്കുറിച്ച് നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്. മാർത്തോമ്മാനസ്രാണിത്തനിമയെക്കുറിച്ച് പഠിക്കുന്നതും മനസ്സിലാക്കുന്നതും നമ്മുടെ വ്യക്തിപരമായ വളർച്ചയ്ക്കും സുസ്ഥിതിക്കും സഹായിക്കുകയും അതുവഴി നമ്മുടെ സമൂഹത്തിലെ അംഗങ്ങളുമായി മാത്രമല്ല മറ്റു വംശീയ മത തനിമയിലുള്ളവരുമായി ബന്ധപ്പെടുവാനും നമ്മെ സഹായിക്കുന്നു. മാർത്തോമ്മാനസ്രാണിത്തനിമയെക്കുറിച്ച് പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനും നമ്മൾ സീറോ മലബാർ സഭയുടെ അഞ്ച് അടിസ്ഥാനപരമായ ഘടകങ്ങളായ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം എന്നിവയെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

## 1. ആരാധനക്രമം

മറ്റ് ഏത് എപ്പിസ്കോപ്പൽ സഭയിലും എന്നതുപോലെ നമ്മുടെ സഭയിലും ആരാധനക്രമം എന്നത് കൂദാശകൾ, യാമപ്രാർത്ഥനകൾ, കൂദാശാനുകരണങ്ങൾ, ആരാധനവത്സരം എന്നിവ ഉൾക്കൊള്ളുന്നു. നമ്മുടെ സുറിയാനി ആരാധനക്രമത്തിന്റെ അടിസ്ഥാനസവിശേഷതകളിലൊന്ന് അതിൽ അന്തർലീനമായിരിക്കുന്ന രഹസ്യാത്മകതയാണ്.


*Kusapa prayer during the Qúdāšā of Mar Nesṭorius*

സുറിയാനി സഭാപിതാക്കന്മാരുടെ പ്രബോധനമനുസരിച്ച് ദൈവം മുൻകൈ എടുത്ത് അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും തന്നെത്തന്നെ വെളിപ്പെടുത്തിത്തരുന്നില്ലെങ്കിൽ മനുഷ്യനായിട്ടു ദൈവത്തെക്കുറിച്ച് ഒന്നും അറിയാൻ സാധിക്കുകയില്ല. സുറിയാനി പിതാക്കന്മാരിൽ അഗ്രഗണ്യനായ മാർ അപ്രേം (306-373) പറയുന്നു: ‘‘അങ്ങയുടെ പ്രതീകങ്ങൾ എല്ലാ സ്ഥലങ്ങളിലുമുണ്ട്. എന്നാൽ അങ്ങ് എല്ലാ സ്ഥലങ്ങളിലുംനിന്നും മറഞ്ഞിരിക്കുന്നു.’’ പ്രതീകാത്മകഭാഷ രഹസ്യത്തിന്റെ ഭാഷയാണ്. അതു ദൈവികയാഥാർത്ഥ്യങ്ങളുടെ ആഴങ്ങളിലേക്കു പോകാൻ മനുഷ്യാത്മാവിനെ സഹായിക്കുന്നു. എങ്ങനെ? ദൈവത്തിന്റെ അന്തർലീനതയെക്കുറിച്ചും ഭൗതികാനുഭവസീമകൾക്ക് ഉപരിയായ അവസ്ഥാവിശേഷത്തെക്കുറിച്ചും അവബോധം നല്കിക്കൊണ്ട്. രഹസ്യം എന്നത് സനാതനക്രമത്തിന്റെ യാഥാർത്ഥ്യമാണ്. ഈ സനാതനക്രമം ദൃശ്യമായ, സംഘാതമായ പ്രവൃത്തിയിലൂടെ രഹസ്യത്തിൽ പങ്കുചേരുകയും അതു ജീവിക്കുകയും ചെയ്യുന്നവർക്ക് ശക്തിയിലും സമയത്തിലും സ്വയം വെളിപ്പെടുത്തുന്നു. ഉന്നതമായ ലോകത്തിന്റെ രഹസ്യാത്മകമായ പ്രതീകങ്ങളുടെ അർത്ഥം രഹസ്യം എന്ന ആശയം കൈമാറുന്നു. ഈ പ്രതീകങ്ങൾക്ക് ആ ഉന്നതമായ ലോകത്തിലേക്ക് ഫലപ്രദമായി നമ്മെ പ്രവേശിപ്പിക്കാൻ കഴിയും. ഉദാഹരണത്തിന്, മാമ്മോദീസയും വി. കുർബാനയും പരിശുദ്ധാത്മാവിനാൽ ജീവൻ നല്കപ്പെട്ട വസ്തുക്കളാൽ പരികർമ്മം ചെയ്യപ്പെടുന്നു. ദൈവശാസ്ത്രം മിശിഹായുമായുള്ള സജീവമായ സംഭാഷണം എന്ന നിലയിൽ പ്രധാനമായും ദൈവാരാധനയുടെ ആഘോഷങ്ങളിൽ സംഭവിക്കുന്നു. സുറിയാനി ദൈവശാസ്ത്രം എന്നത് സുറിയാനി ആദ്ധ്യാത്മികതയുടെ പര്യായമാണ്. ആത്മീയത എന്നത് സഭയിൽ വിശ്വാസം ജീവിക്കുന്നതാണ്. ഇത്

ആരാധനക്രമത്തിൽ ആഘോഷിക്കപ്പെടുന്ന അതേ വിശ്വാസം തന്നെയാണ്.

## 2. ദൈവശാസ്ത്രം

സഭയുടെ ദൈവശാസ്ത്രമെന്നത് ആരാധനക്രമത്തിൽ ആഘോഷിക്കുന്ന വിശ്വാസത്തിന്റെ വിശദീകരണമാണ്. വി. ഗ്രന്ഥത്തിന്റെ ചിന്താധാരകളാൽ വളരെയേറെ സ്വാധീനിക്കപ്പെട്ട പൗരസ്ത്യസുറിയാനി ദൈവശാസ്ത്രത്തിന്റെ പര്യായമാണ് സീറോ മലബാർ സഭയുടെ ദൈവശാസ്ത്രം. ഇതു സൂചകോപദേശപരമായ (typological) സമീപനം ഉപയോഗിക്കുന്നു. ഈ സമീപനം വി. ഗ്രന്ഥവ്യാഖ്യാനത്തിന്റെ മാർഗ്ഗമായി മാത്രമല്ല മറിച്ച് ദൈവശാസ്ത്രരൂപീകരണത്തിന്റെ പ്രധാന ഉപാധിയായി ഉപയോഗിക്കുന്നു. സുറിയാനി സഭാപിതാക്കന്മാർക്ക് മാതൃകകളും പ്രതിരൂപങ്ങളും രക്ഷാകരപദ്ധതിയുടെ സൂചികകൾ മാത്രമല്ല, മറിച്ച് രക്ഷയും ദൈവികവത്കരണവും എങ്ങനെ സാധ്യമായി എന്നതു മനസ്സിലാക്കാനുള്ള മാർഗ്ഗങ്ങൾ കൂടിയാണ്. എന്താണ് സൂചകോപദേശം (Typology)? ഇത് ഒരു വ്യാഖ്യാനതത്ത്വമാണ്; ഇത്



*His Beatitude Mar George Cardinal Alencherry, Dr Sebastian Brock, Dr David Taylor and Mrs Helen Brock during the conclusion of the Year of Children, 2018*



വി. ഗ്രന്ഥമാതൃകകളുടെ പഠനമാണ്. മാതൃക (type) എന്നത് പഴയ ഉടമ്പടിയിൽ കാണുന്ന പുതിയ ഉടമ്പടിയുടെ ദൈവിക സാദൃശ്യമാണ്. നമ്മൾ താരതമ്യത്തിന് ഉപയോഗിക്കുന്നതാണ് സാദൃശ്യം. അതിന് ആഴത്തിലുള്ള സമാനതകളും പൊരുത്തക്കേടുകളുമുണ്ട്. മാതൃക (type) അതിൽത്തന്നെ ഒരു ചരിത്രയാഥാർത്ഥ്യമാണെങ്കിലും അതു മഹത്തായ മറ്റൊന്നിനെ പ്രതിനിധീകരിക്കുന്നു. മനുഷ്യനായിരുന്നെങ്കിലും, മോശ മിശിഹായെ പ്രതിബിംബിപ്പിച്ചു. മന്ന അതിൽത്തന്നെ ഒരത്ഭുതമായിരുന്നെങ്കിലും വി. കുർബാനയെ അതു മുൻകൂട്ടി പ്രതിബിംബിപ്പിച്ചു. പഴയനിയമമാതൃകകളുടെ ആകെത്തുകയേക്കാൾ വലുതാണ് പുതിയനിയമത്തിലെ അതിന്റെ പൂർത്തീകരണം. പൂർത്തീകരണമെന്നത് ഈശോമിശിഹാ എന്ന വ്യക്തിയിൽ വസിക്കുന്ന ദൈവത്തിന്റെ ശാശ്വതമായ സാന്നിദ്ധ്യമാണ്. ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' (യോഹ. 1. 14). ആദിമ സുറിയാനി പിതാക്കന്മാരുടെ ദൈവവചനത്തോടും അതിന്റെ വ്യാഖ്യാനത്തോടുമുള്ള സമീപനം ആത്മീയവും പ്രായോഗികവുമായിരുന്നു. അവർ ദൈവവചനത്തെ പരിഗണിച്ചത് മാനുഷികഭാഷയിലുള്ള ദൈവത്തിന്റെ അവതാരമായാണ്. ദൈവവചനത്തിന്റെ ചരിത്രപരമായ വ്യാഖ്യാനം പൊതുവേ സുറിയാനി പിതാക്കന്മാരുടെ പ്രഥമ പരിഗണന ആയിരുന്നില്ല. മറിച്ച് വിശ്വാസത്തിൽനിന്ന് ഉരുത്തിരിയുന്ന ആത്മീയ വ്യാഖ്യാനത്തിനാണ് അവർ ഊന്നൽ നല്കിയത്. വിശ്വാസത്തിന്റെ അകക്കണ്ണുകൊണ്ടുമാത്രമേ ദൈവവചനത്തിന്റെ ആന്തരികാർത്ഥം ഗ്രഹിക്കാനാകൂ.

## 3. ആദ്ധ്യാത്മികത

പൗരസ്ത്യ കാഴ്ച്ചപ്പാടിൽ ആദ്ധ്യാത്മികത എന്നത് ആരാധനക്രമത്തിൽ ആഘോഷിക്കുന്ന വിശ്വാസം ജീവിക്കുന്നതാണ്. സീറോ മലബാർ സഭയുടെ ആദ്ധ്യാത്മികപാരമ്പര്യം പൗരസ്ത്യ സുറിയാനി/കൽദായ ഉറവിടങ്ങളുമായി അത്യന്തം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, സീറോ മലബാർ സഭയുടെ ആദ്ധ്യാത്മികത പൗരസ്ത്യ സുറിയാനി ആദ്ധ്യാത്മികതയോട് ഏറെ കടപ്പെട്ടിരിക്കുന്നു. സുറിയാനി ആദ്ധ്യാത്മികത വ്യതിരക്തമായ ഒരു പൗരസ്ത്യ ക്രിസ്ത്യൻ പാരമ്പര്യം രൂപീകരിക്കുന്നു. ഇത് ആധുനിക പാശ്ചാത്യ ക്രിസ്ത്യൻ പാരമ്പര്യത്തിന് അടിസ്ഥാനമായി നിലകൊള്ളുന്ന ഗ്രീക്ക് ലാറ്റിൻ ആദ്ധ്യാത്മികതയുടെ സമാന്തരമായി നിലകൊള്ളുന്നു. വി. ഗ്രന്ഥം ഉരുത്തിരിഞ്ഞ സെമിറ്റിക് പാരമ്പര്യത്തിന്റെ ആധികാരിക പ്രതിനിധി



*Evening Prayer in the Mar Thoma Nazarani families*

യാണ് പൗരസ്ത്യ സുറിയാനി ആദ്ധ്യാത്മികത എന്നത് ക്രൈസ്തവ പാരമ്പര്യത്തിലാകെ ഇതിന്റെ പ്രാധാന്യം വിളിച്ചോതുന്നു. ഗ്രീക്ക്-ലത്തീൻ ആദ്ധ്യാത്മികതയും തീർച്ചയായും വി. ഗ്രന്ഥത്തിൽ ആഴമായി വേരോട്ടമുള്ളതാണെങ്കിലും അവ സെമിറ്റിക് ഇതരഭാഷകളിലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള പാശ്ചാത്യചിന്താധാരകളിലാണ് പ്രകാശിതമാകുന്നത്. മാർത്തോമ്മാമാർഗ്ഗം വേരൂന്നിയ പൗരാണിക സുറിയാനി ആദ്ധ്യാത്മികത - പ്രത്യേകിച്ച് എ.ഡി. 400-നു മുമ്പുള്ള രചനകളിൽ - സെമിറ്റിക് ചിന്താരൂപങ്ങളിലാണ്. അവ ഗ്രീക്കു സംസ്കാരത്തിന്റെയും ചിന്താധാരകളുടെ ശക്തമായ സ്വാധീനത്തിന് അധികം വിധേയപ്പെട്ടിട്ടില്ല.

മറ്റ് ഏതു ക്രിസ്ത്യൻ ആദ്ധ്യാത്മികതയിലും എന്നപോലെ സീറോ മലബാർ സഭയ്ക്കും ദൈവവചനത്തിലും ആരാധനക്രമത്തിലും അധിഷ്ഠിതമായ ആദ്ധ്യാത്മികതയുണ്ട്. അതിന്റെ പ്രധാനപ്പെട്ട പ്രമേയങ്ങൾ ഇവയാണ്; മിശിഹായുടെ പാതാളത്തിലേക്കുള്ള (മരിച്ചവരുടെ ലോകം) അവരോഹണം, പറുദീസായുടെ വീണ്ടെടുക്കൽ, സ്വർഗ്ഗീയ മണവാളനായ മിശിഹാ, സൗഖ്യമായ രക്ഷ, വിശ്വാസത്തിന്റെ കണ്ണുകൾ, മഹത്ത്വത്തിന്റെ കുപ്പായം, മിശിഹാനുകരണം, ഹൃദയത്തിന്റ



ആദ്ധ്യാത്മികത. ഈ പ്രമേയങ്ങളെല്ലാം ഏതെങ്കിലും തരത്തിൽ വ്യത്യസ്ത കൗദാശിക ആരാധനക്രമ പ്രാർത്ഥനകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സീറോ മലബാർ സഭയുടെ ആദ്ധ്യാത്മികപൈതൃകത്തിന്റെ സവിശേഷത, അത് ആശ്രമ-താപസ ശൈലിയിൽ വേരൂന്നിയ ആഴമേറിയ പ്രാർത്ഥനാജീവിതമാണെന്നതാണ്. നിലവിൽ പരമ്പരാഗത ശൈലിയിലുള്ള ആശ്രമങ്ങൾ അധികമില്ലെങ്കിലും സ്ത്രീകളുടെയും പുരുഷന്മാരുടെയും ധാരാളം സന്ന്യാസസമൂഹങ്ങൾ സീറോ മലബാർ സഭയിലുണ്ട്. താപസ പ്രാർത്ഥനാജീവിതത്തിൽ പല നോമ്പുകൾ ഉണ്ട്; ക്രിസ്തുമസിനുമുമ്പുള്ള 24 ദിവസങ്ങൾ, വലിയനോമ്പിന് രണ്ടാഴ്ചമുമ്പുള്ള മൂന്നു ദിവസങ്ങൾ, ഉയിർപ്പിനുമുമ്പ് 49 ദിവസങ്ങൾ, പന്തക്കുസ്താത്തിരുനാളിന് മുമ്പ് 49 ദിവസങ്ങൾ, ക്രിസ്തുമസിനു ശേഷമുള്ള 14 ദിവസങ്ങൾ, രൂപാന്തരീകരണത്തിരുനാളിന്റെ തലേദിവസം. നോമ്പുകാലത്തെ ഞായറാഴ്ചകൾ, സാധാരണ ബുധൻ, വെള്ളി ദിവസങ്ങൾപോലെ ഇറച്ചി, മീൻ, പാൽ ഉൽപന്നങ്ങൾ ഒഴിവാക്കിക്കൊണ്ട് ആചരിക്കുന്നു. മേൽപ്പറഞ്ഞതിനു പുറമേ സീറോ മലബാർ സഭയിൽ പരിശുദ്ധ അമ്മയോടുള്ള ബഹുമാനസൂചകമായി



*Bible Kalotsavam 2022*

സെപ്റ്റംബർ ഒന്നുമുതൽ ഏഴു ദിവസത്തേക്ക് നോമ്പെടുക്കുന്നു. പ്രധാനമായും സ്ത്രീകളാണ് ഇത് ആചരിക്കുന്നത്. മാർത്തോമ്മാ മാർഗ്ഗത്തിൽ ഉപവാസത്തിനും നോമ്പിനും സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. വളരെ കർക്കശമായ താപസജീവിതം നമ്മുടെ പൂർവ്വികർ അനുഷ്ഠിച്ചിരുന്നത് നമ്മൾ ഓർമ്മിക്കേണ്ടതാണ്. വർഷത്തിലെ ഇരുനൂറ്റി ഇരുപത്തഞ്ചു ദിവസങ്ങൾ അവർ ഉപവാസത്തിലും നോമ്പിലും കഴിഞ്ഞിരുന്നു.

പ്രാദേശിക പശ്ചാത്തലത്തിൽ സീറോ മലബാർ സഭയുടെ ആദ്ധ്യാത്മികതയിൽ ഉൾച്ചേർന്നിരിക്കുന്ന ചില സവിശേഷമായ മത-സാംസ്കാരിക ആചാരങ്ങളുണ്ട്. ഉദാഹരണം: ജനനം, മരണം എന്നിവയോടനുബന്ധിച്ച് ശുദ്ധീകരണ കർമ്മങ്ങൾ (മരിച്ച വ്യക്തിക്കുവേണ്ടി പുല എന്ന പേരിൽ അനുഷ്ഠിക്കുന്ന 41 ദിവസത്തെ ദുഃഖാചരണം). പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും പ്രത്യേകിച്ച്, തോമ്മാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം തേടിയുള്ള തീർത്ഥയാത്രകൾ.

## 4. ശിക്ഷണക്രമം

മാർത്തോമ്മാനസ്രാണിസഭയ്ക്ക് തനതായ ശിക്ഷണക്രമം ഉണ്ടായിരുന്നു. പോർട്ടുഗീസ്-ലത്തീൻ മിഷനറിമാർ വരുന്നതുവരെ നിലവിലുണ്ടായിരുന്നത് തദ്ദേശീയമായ ശിക്ഷണക്രമസംവിധാനമാണ്. അതു തോമ്മായുടെ നിയമം എന്നറിയപ്പെട്ടിരുന്നു. ഈ ശിക്ഷണക്രമത്തിന്റെ സൈദ്ധാന്തികാനുമാനം സഭ ദൈവജനത്തിന്റെ സമ്മേളനം എന്നുള്ളതാണ്. പ്രാദേശികസഭകളുടെ (ഇടവകകളുടെ) ഭരണസംവിധാനം നിയന്ത്രിച്ചിരുന്നത് പ്രായപൂർത്തിയായ പുരുഷന്മാരും പ്രാദേശിക വൈദികരും ഉൾപ്പെട്ടിരുന്ന ഇടവകക്കാരുടെ യോഗങ്ങൾ ആയിരുന്നു. സാധാരണഗതിയിൽ കുടുംബതലവന്മാരായിരുന്നു ഇടവകയോഗങ്ങളിൽ പ്രതിനിധികളായിരുന്നത്. മുതിർന്ന വൈദികനായിരുന്നു തദ്ദേശീയ പട്ടക്കാരുടെ അദ്ധ്യക്ഷൻ.

മാർത്തോമ്മാനസ്രാണികളുടെ എല്ലാത്തരത്തിലുമുള്ള ഭരണസംവിധാനങ്ങളും നിലവിൽ വന്നത് അവരുടെ പ്രത്യേകമായ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക ചുറ്റുപാടുകളിലാണ്. സഭയുടെ പൊതുവായ ഭരണസംവിധാനം മൂന്നുതലങ്ങളിലാണ് നിർവ്വഹിക്കപ്പെട്ടിരുന്നത്; 1) പ്രാദേശികമായി പള്ളിയോഗം, 2) സമുദായതലത്തിൽ ആർച്ച്ഡീക്കൻ, 3) ഹയരാർക്കി തലത്തിൽ മെത്രാപ്പോലീത്തയും പാത്രി





*Parish Assembly at Kuravilangad Parish, Kerala, India*

യാർക്കീസും. ഇവയിൽ ചില ഘടകങ്ങൾ ഇപ്പോഴും സീറോ മലബാർ സഭയിൽ നിലനില്ക്കുന്നുണ്ടെങ്കിലും പലതും 1599-ലെ ഉദയംപേരൂർ സൂനഹദോസ് ഇല്ലാതാക്കി.

1991 ഒക്ടോബർ ഒന്നാം തീയതി നിലവിൽവന്ന പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയോട് ചേർന്നുപോകുന്ന സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾക്കനുസരിച്ചാണ് (Particular Law) ഇപ്പോൾ സീറോ മലബാർ സഭയുടെ ഭരണം നിർവ്വഹിക്കപ്പെടുന്നത്. ഈ കാനൻ നിയമസംഹിത പ്രഖ്യാപിച്ച ജോൺപോൾ രണ്ടാമൻ പാപ്പായുടെ *Sacri Canones* എന്ന തിരുവെഴുത്ത് പൗരസ്ത്യസഭകളോട് അവരുടെ പൂർവ്വികരുടെ പാതയിലേക്കു തിരിച്ചുപോകാൻ അനുശാസിച്ചു. ഈ അനുശാസനത്തിന്റെ വെളിച്ചത്തിൽ, നമ്മുടെ നിയമസംഹിതയുടെ ചരിത്രം പഠിക്കുകയും അതിന്റെ വിവിധ ദളങ്ങൾ തോമ്മായുടെ നിയമത്തോട് മൗലികവും നൈസർഗ്ഗികവുമായതെന്തെന്നും വൈദേശികമായിട്ടുള്ളതെന്തെന്നും ഇനിയും വേർതിരിച്ചെടുക്കേണ്ടതായിട്ടുണ്ട്. സമീപകാലങ്ങളിൽ നമ്മുടെ ശിക്ഷണക്രമരീതികളെ പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ തനതായ ശിക്ഷണക്രമരീതികൾ ഫലപ്രദമായി ഉൾക്കൊള്ളിക്കാനും പൗരസ്ത്യശിക്ഷണക്ര

മത്തോടുചേർന്നുപോകാത്ത വൈദേശിക ഘടകങ്ങളെ ഒഴിവാക്കാനും ഇനിയും കഴിഞ്ഞിട്ടില്ല. നമ്മുടെ പൂർവ്വികർ ശിക്ഷണക്രമത്തിൽ തോമ്മായുടെ നിയമവും പത്രോസിന്റെ നിയമവും തമ്മിൽ വ്യക്തവും വ്യതിരിക്തവുമായ വ്യത്യാസങ്ങൾ കണ്ടിരുന്നത് നാം വളരെ പ്രധാനമായി ശ്രദ്ധിക്കേണ്ടതാണ്.

## 5. സംസ്കാരം

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സുവിശേഷം പ്രഘോഷിക്കപ്പെടാൻ ആരംഭിച്ചതുമുതൽ ഇതു വ്യത്യസ്ത സംസ്കാരങ്ങളുമായി കണ്ടുമുട്ടി. മറ്റു സംസ്കാരങ്ങളെ അഭിമുഖീകരിക്കുക മാത്രമല്ല അവയുടെ സ്വത്വത്തിന്റെ തത്ത്വങ്ങളാൽ അവയെ രൂപാന്തരപ്പെടുത്തി. നമ്മുടെ കർത്താവിന്റെ സുവിശേഷത്തിന്റെ വിവിധ സംസ്കാരങ്ങളുമായുള്ള ഈ കണ്ടുമുട്ടൽപ്രക്രിയ വിവിധ വ്യക്തിസഭകൾക്കു ജന്മം നല്കി. അതാകട്ടെ, പുതിയ സഭാസംസ്കാരങ്ങൾ പ്രകടമാക്കി. ഈ പുതിയ സഭാസംസ്കാരങ്ങൾക്ക് അവരുടേതായ തനതു ജീവിതവും വിശ്വാസാവിഷ്കാരങ്ങളും ആരാധനക്രമപ്രത്യേകതകളും ഉണ്ടായിരുന്നു. ആരംഭം മുതൽ പൗരസ്ത്യ ക്രൈസ്തവർ ഇത്തരത്തിലുള്ള വിശ്വാസ ആവിഷ്കാരങ്ങളാലും ആരാധനക്രമങ്ങ



*Margam Kali, at the Basilica of Marth Anastasia, the Syro Malabar Parish in Rome during Arise 2022, SMYM Leader's Meet*



ളാലും സമ്പന്നമായിരുന്നു. ഈ തനതു വിശ്വാസസംസ്കാരങ്ങൾ ഓരോ വ്യക്തിസഭയേയും വേർതിരിക്കുകയും അനന്യമാക്കുകയും അതേസമയം കാതോലികമാക്കുകയും ചെയ്തു. ഒരാൾക്ക് ഒരു വ്യക്തിസഭയെ പഠിക്കണമെങ്കിൽ അതിന്റെ സഭാസംസ്കാരവും പഠിക്കണം. ഒരു പ്രത്യേക സഭയുടെ സംസ്കാരം അതു ചരിത്രത്തിൽ ജീവിച്ചുപോകുന്ന കൂട്ടായ ജ്ഞാനത്തിലും ജീവിതത്തോടും ലോകമെമ്പാടുമുള്ള അതിന്റെ ദിശാബോധത്തിലും പ്രതിബിംബിക്കുന്നു. ഒരു വ്യക്തിസഭയുടെ സംസ്കാരം പ്രകടമാക്കുന്ന മികച്ച രീതികളിൽ ചിലത് അതിന്റെ തനതും വിശിഷ്ടവുമായ ആചാരങ്ങൾ, കലകൾ, കവിത, വാസ്തുവിദ്യ, സാഹിത്യം, സംഗീതം എന്നിവയാണ്. ചില തിരുനാൾ നിശ്ചയിക്കുന്നതും ചില സാമൂഹിക-സാമ്പത്തിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും ചില പ്രത്യേക ദിവസങ്ങൾ ദൈവാരാധനയ്ക്കായി മാറ്റിവയ്ക്കുന്നതും, മദ്യം, പുകവലി, മാംസം തുടങ്ങിയവ നിരോധിക്കുന്നതും വസ്ത്രധാരണരീതി നിയന്ത്രിക്കുന്നതിലുമെല്ലാം ഒരു വ്യക്തിസഭയുടെ സംസ്കാരമാണ് നിർണ്ണയമാകുന്നത്.



*Kozhukkatta, a traditional snack prepared in Mar Thoma Nazarani families on Lazarus Saturday*

മാർത്തോമ്മാനസ്രാണികൾക്കും ഇതുപോലുള്ള ശ്രദ്ധേയമായ സംസ്കാരമുണ്ടായിരുന്നു. വിശ്വാസത്തിന്റെ ഘടകങ്ങൾ അവരുടെ ജീവിതത്തിൽ വ്യാപിപ്പിക്കാൻ അവർ അനുവദിച്ചു. വിശ്വാസത്തിന്റെ സാരാംശത്താൽ സ്പർശിക്കപ്പെടാത്ത ഒരു നിമിഷം പോലും അവരുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. അങ്ങനെ ചില സീറോ മലബാർ സാംസ്കാരിക ആചാരങ്ങൾ ഉരുത്തിരിഞ്ഞു. അവരുടെ പ്രത്യേകമായ സംസ്കാരം വിവിധ ആചാരാനുഷ്ഠാനങ്ങളിലൂടെ ജനനം മുതൽ മരണം വരെ ജീവിതം വിശുദ്ധീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിച്ചു. ദൈവശാസ്ത്രകേന്ദ്രങ്ങൾ അവർക്കില്ലായിരുന്നെങ്കിലും




*From the Episcopal Consecration of Mar Joseph Srampickal*

അവരുടെ പ്രായോഗികജീവിതത്തിൽ ഈ ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച് വിസ്മയകരമായ ദൈവശാസ്ത്രവത്കരണം സംഭവിച്ചു. പരോക്ഷമായി ഇതെല്ലാം പ്രതിനിധീകരിക്കുന്നത് ആരാധനക്രമത്തിലൂടെ ആഘോഷിക്കപ്പെടുന്ന ദൈവികരഹസ്യങ്ങളുടെ സ്വാംശീകരണമാണ്. മാതാപിതാക്കളോടും സഭാധികാരികളോടുമുള്ള ബഹുമാനം, സഭാജീവിതത്തോടുള്ള ചേർന്നുനില്ക്കൽ, പ്രാർത്ഥന, ഉപവാസം, തീർത്ഥാടനത്തോടും വിശുദ്ധരോടുമുള്ള ഭക്തി, കുടുംബജീവിതത്തോടുള്ള സമർപ്പണം മുതലായവ അവരുടെ വിശിഷ്ടമായ സഭാസംസ്കാരത്തെ വെളിപ്പെടുത്തുന്നു.

## ഉപസംഹാരം

സീറോ മലബാർ സഭയ്ക്ക്, 1599-ലെ ഉദയംപേരൂർ സൂനഹദോസ് മുതൽ അവളുടെ വിശിഷ്ടപാരമ്പര്യത്തിന്റെ പല സ്വത്വപരമായ ഘടകങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. ഇന്ന്, പ്രത്യേകിച്ച് ആഗോള കുടിയേറ്റ പശ്ചാത്തലത്തിൽ, നമ്മുടെ സഭ അവളുടെ തനിമയെക്കുറിച്ച് വിചിന്തനം ചെയ്യുന്നു. നമ്മുടെ സഭയുടെ തനിമയെക്കുറിച്ച് ആഴമേറിയ അറിവ് സമ്പാദിക്കുന്നതും അതു വളർത്തുന്നതും സംരക്ഷിക്കുന്നതും അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യുന്നതും നമ്മുടെ കടമയാണ്. ഗ്രേറ്റ് ബ്രിട്ടൻ പോലുള്ള വിദേശരാജ്യത്തെ കുടിയേറ്റക്കാരെന്ന നിലയിൽ മാർത്തോമ്മാമാർഗ്ഗം എന്ന നമ്മുടെ ആധികാരികവും തനതുമായ പാരമ്പര്യത്തെ പഠിക്കാൻ നമ്മൾ തീർച്ചയായും കഠിനപരിശ്രമം നടത്തേണ്ടതാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ ആരാധനക്രമം സുപ്രധാനഘടകമായതിനാൽ അതിന്റെ ഉത്ഭവത്തെക്കുറിച്ചും വികാസത്തെക്കുറിച്ചും ചർച്ച ചെയ്യുന്നത് ഉചിതമാണ്.



# -III-

# എന്തുകൊണ്ട് നാം പൗരസ്ത്യ സുറിയാനി ആരാധനക്രമം പിന്തുടരുന്നു?

ആദിമ ക്രൈസ്തവസമൂഹം സുറിയാനി, ഗ്രീക്ക്, ലത്തീൻ തുടങ്ങിയ മൂന്നു വ്യത്യസ്ത സംസ്കാരത്തിലൂടെയാണ് രൂപംകൊണ്ടത്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെയും ശിഷ്യന്മാരുടെയും ഭാഷ അറമായ ആണ്. ആദിമക്രൈസ്തവരും ഇതുതന്നെ സംസാരിച്ചിരുന്നു. യവനസംസ്കാരത്തിന്




*The priests serving in our Eparchy with Mar Joseph Srampickal*
*(Ongoing formation at Divine Retreat Centre, Ramsgate, 13-15 September 2022)*

മുൻതൂക്കമുണ്ടായിരുന്ന അന്ത്യോക്യായിലും ജറൂസലേമിലും പിന്നീടുള്ള ക്രൈസ്തവ വളർച്ച, ഗ്രീക്കുഭാഷ ക്രൈസ്തവരുടെ മുഖ്യഭാഷയായി മാറുന്നതിന് കാരണമായി.

ഈശോയും ശിഷ്യന്മാരും സംസാരിച്ച അറമായ ഭാഷതന്നെയാണ് പരിശുദ്ധ അമ്മയോടും യോഹന്നാൻ മാംദാനയുടെ പിതാവായ സഖറിയായോടും മാലാഖ സംസാരിച്ചതും, ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗ്ഗത്തിൽനിന്നു കേട്ടതും. അപ്രകാരം, രക്ഷാകരരഹസ്യങ്ങൾ മനുഷ്യവംശത്തിനു വെളിപ്പെടുത്തുന്ന ഭാഷയായി അറമായ ഭാഷ. ഈ അറമായ ഭാഷ കാലക്രമത്തിൽ സുറിയാനിയായി പരിണമിച്ചു. അറമായ ഭാഷയുടെ ഏറ്റം പ്രധാനപ്പെട്ട ഭാഷാഭേദങ്ങളിൽ ഒന്നാണ് സുറിയാനി. എദ്ദേസ്സായും മെസപ്പൊട്ടോമിയായും ഉൾപ്പെടുന്ന പേർഷ്യൻ സാമ്രാജ്യത്തിൽ സുറിയാനിയും റോമൻ സാമ്രാജ്യത്തിൽ ഗ്രീക്കും ലത്തീനും ക്രൈസ്തവരുടെ ഔദ്യോഗിക ആരാധനക്രമഭാഷകളായി മാറി. ആദിമ സുറിയാനിസഭകളെല്ലാം തോമ്മാശ്ലീഹായാലോ (ഇന്ത്യ, പാർത്യ) തോമ്മായുടെ ശിഷ്യന്മാരായ മാർ അദ്ദായിയാലോ (എദ്ദേസ) മാർ മാറിയാലോ (സെലൂഷ്യ, സ്റ്റെസിഫോൺ) സ്ഥാപിക്കപ്പെട്ടവയാണ്. ഈ മൂന്നു സഭകൾ പലപ്പോഴും തോമ്മായുടെ സഭകൾ

എന്നു വിളിക്കപ്പെടുകയും സുറിയാനി അവരുടെ ആരാധനക്രമഭാഷയായി സ്വീകരിക്കുകയും ചെയ്തു. പിന്നീട് ഈ സഭകൾ പൗരസ്ത്യ സുറിയാനി ആരാധനക്രമപാരമ്പര്യത്തിലെ സഭകളായി അറിയപ്പെട്ടു.

ആദിമക്രൈസ്തവ സമൂഹം വ്യത്യസ്ത സ്ഥലങ്ങളിൽ വിവിധ മത-സാംസ്കാരിക ഘടകങ്ങളെ ഉൾകൊണ്ടാണ് വളർന്നത്. നാം മുമ്പ് കണ്ടതുപോലെ പേർഷ്യൻ സാമ്രാജ്യത്തിലെ മെസപ്പൊട്ടോമയിൽ അറമായ സംസ്കാരത്തിൽ നിന്നാണ് പൗരസ്ത്യ സുറിയാനി/കൽദായ പാരമ്പര്യം രൂപംകൊണ്ടത്. റോമൻ സാമ്രാജ്യത്തിലെ സുറിയാനി സംസാരിക്കുന്ന ക്രൈസ്തവർ, പ്രത്യേകമായി എദ്ദേസായിലുള്ളവർ അന്ത്യോക്യായിലെ ഗ്രീക്ക് ആരാധനക്രമപാരമ്പര്യം ഉൾക്കൊണ്ട് പാശ്ചാത്യ സുറിയാനി അഥവാ അന്ത്യോക്യൻ ആരാധനക്രമപാരമ്പര്യം എന്നു വിളിക്കപ്പെട്ടു. ബൈസന്റയിൻ സാമ്രാജ്യത്തിൽ രൂപംകൊണ്ട ഗ്രീക്ക് അന്ത്യോക്യൻ പാരമ്പര്യം ബൈസന്റയിൻ പാരമ്പര്യമായി പരിണമിക്കുകയും പാശ്ചാത്യ റോമൻ സാമ്രാജ്യത്തിലെ ക്രൈസ്തവർ ലത്തീൻ-റോമൻ പാരമ്പര്യമായി പരിണമിക്കുകയും ചെയ്തു. അലക്സാൻഡ്രിയായിലും ഈജിപ്തിലും ഗ്രീക്ക് പാരമ്പര്യം അലക്സാൻഡ്രിയ/കോപ്റ്റിക് പാരമ്പര്യമായി പരിണമിച്ചു. ക്രിസ്തുമതത്തെ ഔദ്യോഗികമായി അംഗീകരിച്ച ആദ്യസാമ്രാജ്യം അർമേനിയയായിരുന്നു. ഇവിടെയാണ് മാർ അദ്ദായിയുടെ എദ്ദേസ്സായിലെ ക്രൈസ്തവരും ബർത്ലോമിയ ശ്ലീഹായുടെ ക്രൈസ്തവരും ഒന്നുചേർന്ന് അർമേനിയൻ പാരമ്പര്യം വികസിപ്പിച്ചത്.

## 1. ആറ് ഔദ്യോഗിക ആരാധനക്രമ കുടുംബങ്ങൾ

ആദ്യ നൂറ്റാണ്ടിൽ ദക്ഷിണേന്ത്യയിൽ തോമ്മാശ്ലീഹായാൽ സ്ഥാപിതമായതാണ് മാർത്തോമ്മാ നസ്രാണികൾ. ആദിമകാലം മുതലേ കേരളത്തിലുള്ള ക്രൈസ്തവസമൂഹം, മെസപ്പൊട്ടോമിയയുമായുള്ള വ്യാപാരബന്ധം സൂചിപ്പിക്കുന്ന പട്ടണ ഖനനങ്ങളിലെ കണ്ടുപിടുത്തങ്ങൾ, പാർത്യയായിലെ ഗുണ്ടഫറസ് രാജാവിന്റെ നാണയങ്ങൾ, അപ്പോക്രിഫൽ കൃതിയായ തോമ്മായുടെ നടപടികൾ, ഇന്ത്യയിലെ തോമ്മാശ്ലീഹായെക്കുറിച്ചുള്ള നിരവധി സഭാപിതാക്കന്മാരുടെ എഴുത്തുകൾ, ഇതിനേക്കാളുപരിയായി തോമ്മാശ്ലീഹായുടെ മൈലാപ്പൂരിലെ കബറിടം എന്നിവയെല്ലാം ദക്ഷിണേന്ത്യയിലെ തോമ്മാശ്ലീഹായുടെ സാന്നിദ്ധ്യത്തെ പിന്താങ്ങുന്ന ചരിത്ര അടയാളങ്ങളാണ്.





*Mar George Cardinal Alencherry among other Patriarchs and Major Archbishops of the Catholic Church at St Peter's Basilica*

ശ്ലീഹാ സുവിശേഷം പ്രസംഗിച്ചത് ദക്ഷിണേന്ത്യയിലെ യഹൂദ വ്യാപാര സമൂഹത്തോടാണ് എന്നതുകൊണ്ട്, ദക്ഷിണേന്ത്യയിലെ സഭ അതിന്റെ സ്വഭാവത്തിൽ പൗരസ്ത്യ സുറിയാനി അല്ലെങ്കിൽ കൽദായ എന്ന് അനുമാനിക്കാം. ദക്ഷിണേന്ത്യൻ ഭാഷകളിൽ സഭാത്മകപദങ്ങളുടെ അഭാവവും ധാരാളമായ സുറിയാനി പദങ്ങളും ഈ സഭാസമൂഹത്തിന്റെ ആരംഭം സുറിയാനിയെന്ന് സൂചിപ്പിക്കുന്നു. കുരിശിന്റെ തമിഴ് പദം 'സിളിവായ്' സുറിയാനിപദം 'സ്ലീവാ'യിൽ നിന്നുണ്ടായതാണ്. ദക്ഷിണേന്ത്യയിലെ ക്രൈസ്തവരുടെ ഉത്ഭവം പ്രാദേശികഭാഷയിലായിരുന്നെങ്കിൽ സഭാത്മകമായ വിവിധ വാക്കുകൾ പ്രാദേശിക ഭാഷയിൽ രൂപംകൊണ്ടേനേ. സുറിയാനി പദങ്ങളായ 'കാസ', 'റുശ്മ', 'കൂദാശ' എന്നിവയ്ക്ക് തത്തുല്യമായ മലയാളപദങ്ങൾ ഇപ്പോഴുമില്ല. കുർബാന, റൂഹാ, കുദ്ശ തുടങ്ങിയ സുറിയാനി പദങ്ങൾക്കുള്ള മലയാളപദങ്ങൾ അടുത്തകാലത്താണ് പ്രയോഗത്തിലായത്. ആരംഭം മുതലേ നമ്മുടെ ആരാധനപാരമ്പര്യം കൽദായ അല്ലെങ്കിൽ പൗരസ്ത്യ സുറിയാനി പാരമ്പര്യമാണെന്ന് ഇവമൂലം നമുക്ക് അനുമാനിക്കാം. കൽദായ (പൗരസ്ത്യസുറിയാനി), അന്ത്യോക്യൻ (പാശ്ചാത്യ സുറിയാനി), ബൈസന്റയിൻ (ഗ്രീക്ക്), അർമേനിയൻ, അലക്സാൻഡ്രിയൻ (കോപ്റ്റിക്), റോമൻ (ലാറ്റിൻ) എന്നിവയാണ് കത്തോലിക്കാസഭ



*Conclusion of the Year of St Joseph at St Michael's Abbey , Farnborough*

യിലെ ആറ് ഔദ്യോഗിക ആരാധനക്രമ കുടുംബങ്ങൾ. ഇവയല്ലാതെ മറ്റൊരു ഔദ്യോഗിക ആരാധനക്രമകുടുംബവും നിലവിലില്ല.

മാർത്തോമ്മാക്രിസ്ത്യാനികളുടെമേൽ പൗരസ്ത്യസുറിയാനി ആരാധനക്രമം പൗരസ്ത്യ സുറിയാനി മിഷനറിമാർ അടിച്ചേൽപ്പിച്ചെന്നു ചിലർ വാദിച്ചേക്കാം. ലത്തീൻ ആരാധനക്രമവും ദൈവശാസ്ത്രവും പതിനഞ്ച്-പതിനാറ് നൂറ്റാണ്ടിൽ അടിച്ചേൽപ്പിച്ചപ്പോൾ മാർത്തോമ്മാനസ്രാണികളുടെയിടയിൽ ചെറുത്തുനില്പ്പ് പ്രക്ഷോഭങ്ങളും വിഭജനങ്ങളുമുണ്ടാക്കി. പൗരസ്ത്യസുറിയാനി പാരമ്പര്യവും അടിച്ചേൽപ്പിച്ചതെങ്കിൽ എതിർപ്പുകളും പ്രക്ഷോഭങ്ങളും ഉണ്ടാകുമായിരുന്നു. എന്നാൽ അങ്ങനെ സംഭവിച്ചതിന്റെ ചരിത്രതെളിവുകളില്ല. മാത്രമല്ല, മാർത്തോമ്മാനസ്രാണികൾ പൗരസ്ത്യസുറിയാനി ആരാധനക്രമത്തെയും പാരമ്പര്യത്തെയും തങ്ങളുടെ ജീവനുതുല്യം സ്നേഹിക്കുന്നുവെന്ന ചരിത്രരേഖ പാലക്കുന്നേൽ മത്തായി മറിയം കത്തനാരുടെ 1874-ലെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിക്കവാറും എല്ലാ പാശ്ചാത്യമിഷനറിമാരും മാർത്തോമ്മാനസ്രാണികളുടെ സുറി



യാനി ഭാഷാസ്നേഹത്തെ പരാമർശിച്ചിട്ടുണ്ട്. മാർത്തോമ്മാനസ്രാണികൾക്കായി റോമിൽനിന്ന് നിയമിതനായ ആദ്യ വിദേശമെത്രാൻ ഫ്രാൻസീസ് റോസ് 1619-ൽ ഈശോസഭാ ജനറലിന് മാർത്തോമ്മാനസ്രാണികളെ കൽദായ റീത്തിൻ കീഴിൽ നിർത്തണമെന്ന് ആവശ്യപ്പെട്ട് കത്തെഴുതിയിട്ടുണ്ട്.

## 2. എന്തുകൊണ്ട് നമ്മൾ പൗരസ്ത്യസുറിയാനി പാരമ്പര്യം പിന്തുടരുന്നു?

മേൽപ്പറഞ്ഞ എല്ലാ വാദഗതികൾക്കുംപുറമേ പൗരസ്ത്യസുറിയാനി/കൽദായ റീത്ത് നമ്മുടെ തിരഞ്ഞെടുപ്പായിരുന്നില്ല; മറിച്ച് ദൈവദാനമായിരുന്നു. സീറോ മലബാർ കുടുംബത്തിലെ ജനനം ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പല്ലല്ലോ. അതുകൊണ്ട്, നമ്മുടെ പൗരസ്ത്യസുറിയാനി റീത്ത് ദൈവദത്തമാണ്. അതു സംരക്ഷിക്കേണ്ടതും ആദരിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. പശ്ചിമേഷ്യയിലെ യുദ്ധവും മതപീഡനവും മൂലം പൗരസ്ത്യസുറിയാനി ക്രൈസ്തവർ അവരുടെ നാട്ടിൽ അതിന്റെ നിലനില്പ്പിനുള്ള പോരാട്ടത്തിലാണ്. അതുകൊണ്ട്, സീറോ മലബാർ വിശ്വാസികൾക്ക് പൗരസ്ത്യസുറിയാനി പാരമ്പര്യത്തെ സംരക്ഷിക്കാനും അഭിവൃദ്ധിപ്പെടുത്താനുമുള്ള കൂടുതൽ കടമയുണ്ട്. ആഗോള കത്തോലിക്കാസഭയുടെ വെളിവാക്കപ്പെട്ട ദൈവികരഹസ്യങ്ങളുടെ പൂർണ്ണതയ്ക്ക് അതു വലിയ സംഭാവന നല്കും.



*Conclusion of the Year of Children, 2018*

സീറോ മലബാർ സഭ അവളുടെ ആധികാരികമായ പൗരസ്ത്യ സുറിയാനി പാരമ്പര്യം അഭംഗമായും കലർപ്പില്ലാതെയും സംരക്ഷിക്കണമെന്നും അഭിവൃദ്ധിപ്പെടുത്തണമെന്നുമുള്ള ആഗോള കത്തോലിക്കാസഭയുടെ താൽപര്യമാണ് വ്യത്യസ്തമായ സഭാപ്രബോധനങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ നമ്മൾ കണ്ടെത്തിയത്. നമ്മുടെ കർത്താവിന് സാക്ഷ്യംവഹിച്ച ആദിമ സഭയായ യഹൂദ ക്രൈസ്തവസമൂഹത്തിന്റെ തുടർച്ചയാണ് കൽദായ/ പൗരസ്ത്യ പാരമ്പര്യം. പൗരസ്ത്യസുറിയാനി പാരമ്പര്യം ആധികാരികമായി ജീവിക്കുന്നതിലൂടെ ഗ്രേറ്റ് ബ്രിട്ടൻ പോലുള്ള വിദേശമണ്ണിൽ വ്യത്യസ്തമായ കാഴ്ച്ചപ്പാടിൽ നമ്മൾ ഈശോമിശിഹായ്ക്കു സജീവ സാക്ഷ്യം നല്കുന്നു. സീറോ മലബാർ സഭയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം എന്നിവ ഉൾക്കൊള്ളുന്നതിനും അതിന്റെ ശരിയായ അർത്ഥത്തിൽ അതു ജീവിക്കുന്നതിനും നമുക്കു 'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്ന 2022-'27-ലെ അജപാലനപദ്ധതി പ്രാവർത്തികമാക്കാം. അങ്ങനെ ഗ്രേറ്റ് ബ്രിട്ടനിൽ മാർത്തോമ്മാമാർഗ്ഗം ശോഭയോടെ തെളിയട്ടെ. വി. ഗ്രന്ഥത്തെയും വിശുദ്ധ പാരമ്പര്യത്തെയും സഭാപ്രബോധനങ്ങളെയും അടിസ്ഥാനമാക്കിയുള്ള താഴെപ്പറയുന്ന ലക്ഷ്യങ്ങളും കർമ്മപദ്ധതികളും നമ്മുടെ രൂപതയുടെ പ്രത്യേകതൗത്യം പൂർണ്ണതയിലെത്തിക്കാൻ നമ്മെ സഹായിക്കട്ടെ.



# -IV-
# അജപാലനപദ്ധതിയുടെ നിർവ്വഹണം

1. **ഒന്നാം ഘട്ടം: 2022 നവംബർ 27 മുതൽ 2023 ഡിസംബർ 2 വരെ**

**പ്രത്യേക ഊന്നൽ: ആരാധനക്രമം**

**അഞ്ചുലക്ഷ്യങ്ങൾ:**

* കർത്താവിന്റെ ദിവസത്തിൽ ഈശോയുമായുള്ള കണ്ടുമുട്ടലിന് വിശ്വാസികളെ ഒരുക്കുക.



*His Grace Archbishop Claudio Gugerotti  with Syro-Malabar Participants at the Liturgical Conference in Rome, to commemorate the twenty-fifth anniversary of the "Instructions for Applying the Liturgical Prescriptions of the Code of Canons of the Eastern Churches" (18 February 2022)*

* സീറോ മലബാർ കത്തോലിക്കാസഭയുടെ ആരാധനക്രമ പൈതൃകത്തെ ആഴത്തിൽ അറിയുവാൻ വിശ്വാസികളെ, പ്രത്യേകിച്ച് കുട്ടികളെയും കൗമാരപ്രായക്കാരെയും യുവജനങ്ങളെയും സഹായിക്കുക.

* വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും യാമപ്രാർത്ഥനകളിലും സ്വർഗ്ഗീയമായ അനുഭവം ലഭിക്കാൻ വിശ്വാസികളെ നയിക്കുക.

* സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരത്തിന്റെയും യാമപ്രാർത്ഥനകളുടെയും സമ്പന്നതയും മനോഹാരിതയും മനസ്സിലാക്കുവാനും അനുഭവിക്കുവാനും സ്വായത്തമാക്കുവാനും ആരാധനക്രമ ആദ്ധ്യാത്മികതയിൽ നിരന്തരമായി ആഴപ്പെടുവാനും വിശ്വാസികളെ പരിശീലിപ്പിക്കുക.



* നമ്മുടെ രൂപതയിലും സീറോ മലബാർ സഭ മുഴുവനിലും ആരാധനക്രമ ആഘോഷത്തിന്റെ ഐകരൂപ്യത്തെ വിലമതിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുക.

### ഒൻപതിന കർമ്മപദ്ധതികൾ

1. കർത്താവിന്റെ ദിവസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള പ്രബോധനം; പ്രത്യേകമായി രൂപതാദ്ധ്യക്ഷന്റെ ഇടയലേഖനത്തിലൂടെ.

2. നിരന്തരമായ ബോധവത്കരണത്തിലൂടെ വിശ്വാസികൾക്ക് ആരാധനക്രമപരിശീലനം കൊടുക്കുക; ആരാധനക്രമപരിശീലനത്തെക്കുറിച്ച് ഫ്രാൻസീസ് മാർപ്പാപ്പായുടെ അപ്പസ്തോലികലേഖനം, *'Desiderio Desideravi'* (ഞാൻ അത്യധികം ആഗ്രഹിച്ചു), വി. കുർബാനയെക്കുറിച്ചുള്ള ബനഡിക്ട് പാപ്പായുടെ സിനഡാനന്തര ശ്ലൈഹിക പ്രബോധനമായ സ്നേഹത്തിന്റെ കൂദാശയും (*Sacramentum Caritatis*) പരിചയപ്പെടുത്തുക; രൂപതാതലത്തിൽ ആരാധനക്രമത്തെ ആസ്പദമാക്കി കിസ്സ്



*Missionaries of Mercy with Pope Francis at St Peter's Basilica, Rome ( April 2022)*



*Tota Pulchra - The National Women's Forum Gathering in Birmingham (3 December 2022)*

പ്രോഗ്രാം നടത്തുക; 2023-ലെ ബൈബിൾ കലോത്സവത്തിന് ആരാധനക്രമപരമായ വിഷയങ്ങൾ ഉൾപ്പെടുത്തുക.

3. എല്ലാ ഇടവക/ മിഷൻ/ നിയുക്തമിഷനുകളിലും ആരാധനക്രമ അടയാളങ്ങളും പ്രതീകങ്ങളും പഠിക്കുവാനും സിനഡിന്റെ നിർദ്ദേശപ്രകാരമുള്ള അനാഫൊറകൾ സാഘോഷം അർപ്പിക്കാനും പ്രത്യേകമായ ശ്രദ്ധകൊടുക്കുക.

4. വി. കുർബാന ഇംഗ്ലീഷിലും അർപ്പിക്കുക; കുർബാനമദ്ധ്യേയുള്ള വചനസന്ദേശം ഇംഗ്ലീഷിൽ നല്കുക.

5. ആരാധനക്രമപരമായ വിഷയവുമായി ബന്ധപ്പെട്ടു കുട്ടികൾക്കായി 'ദനഹാ' ബുള്ളറ്റിനിൽ പ്രത്യേകപംക്തി ചേർക്കുക

6. എല്ലാ ഇടവക/മിഷൻ/നിയുക്തമിഷനുകളിലും വിശുദ്ധ കുർബാന വിഷയമാക്കി വാർഷിക-അർദ്ധവാർഷിക ധ്യാനങ്ങൾ നടത്തുക.

7. എല്ലാ ഇടവക/മിഷൻ/നിയുക്തമിഷനുകളിലും മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഗായകസംഘങ്ങൾ രൂപീകരിക്കുകയും ആരാധനക്രമപരിശീലനം നല്കുകയും ചെയ്യുക.



8. അൾത്താരശുശ്രൂഷകരാകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ഇടവക, റീജിയൻ, രൂപതാതലങ്ങളിൽ അവർക്ക് അതിനുള്ള പരിശീലനം നല്കുകയും ചെയ്യുക.

9. എല്ലാ വിശ്വാസികൾക്കുമായി, പ്രത്യേകിച്ച് കുട്ടികൾക്കായി ആരാധനക്രമാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ഹ്രസ്വവീഡിയോകൾ ലഭ്യമാക്കുക.

10. എല്ലാ ഇടവക, മിഷൻ, നിയുക്തമിഷനുകളിലും വർഷത്തിലൊരിക്കലെങ്കിലും പരിശുദ്ധ റാസക്കുർബാന അർപ്പിക്കുക.

## 2. രണ്ടാം ഘട്ടം: 2023 ഡിസംബർ 3 മുതൽ 2024 നവംബർ 30 വരെ

**പ്രത്യേക ഊന്നൽ: ദൈവശാസ്ത്രം**

**അഞ്ചുലക്ഷ്യങ്ങൾ:**

* പൗരസ്ത്യദൈവശാസ്ത്രത്തിന്റെ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുവാനും വിലമതിക്കുവാനും എല്ലാ വിശ്വാസികളെയും പ്രാപ്തരാക്കുക.



*From the Episcopal Consecration of Mar Joseph Srampickal*



*Margam 2022 (SMYM Eparchial Gathering, 24-26 June)*

* കുടുംബക്കൂട്ടായ്മകൾ മാർത്തോമ്മാമാർഗ്ഗത്തെക്കുറിച്ചു പഠിക്കുവാനും പങ്കുവയ്ക്കുവാനുമുള്ള വേദിയാകുന്നുവെന്ന് ഉറപ്പുവരുത്തുക.
* നമ്മുടെ ആരാധനക്രമ ഈണങ്ങളെയും ഗീതങ്ങളെയും വിലമതിക്കുവാനും ആസ്വദിക്കാനുമുള്ള കഴിവ് വിശ്വാസികളുടെയിടയിൽ വളർത്തുക.
* സുറിയാനിഭാഷ പഠിക്കാനും വിശുദ്ധ കുർബാനയിലെ സുറിയാനി ഗീതങ്ങൾ പരിശീലിക്കുവാനും എല്ലാ വിശ്വാസികളെയും പ്രത്യേകിച്ച് യുവജനങ്ങളെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പിന്തുണ നല്കുകയും ചെയ്യുക.
* നമ്മുടെ രൂപതയുടെ സാമൂഹ്യമാധ്യമങ്ങളെ പൗരസ്ത്യദൈവശാസ്ത്ര ചർച്ചകൾക്കും പ്രത്യേകിച്ച് സീറോ മലബാർ ദൈവശാസ്ത്രചർച്ചയ്ക്ക് ഉപയോഗിക്കുകയും ദൈവശാസ്ത്രം എല്ലാ വിശ്വാസികളുടെയും അനുദിനപ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും ചെയ്യുക.



## ഒൻപതിന കർമ്മപദ്ധതികൾ

1. ലളിതമായ ഭാഷയിൽ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള വീഡിയോകളും മറ്റു പഠനോപാധികളും ലഭ്യമാക്കുക.
2. ദൈവശാസ്ത്രവിഷയങ്ങൾ പഠിക്കാൻ സഹായകരമായ മൊബൈൽ ആപ്ലിക്കേഷനുകൾ രൂപതാതലത്തിൽ ലഭ്യമാക്കുക.
3. സീറോ മലബാർ സഭയുടെ പ്രത്യേകിച്ച്ആരാധനക്രമകാലങ്ങളുടെ ദൈവശാസ്ത്രപരമായ പഠനത്തിനായി സെമിനാറുകൾ നടത്തുക.
4. കുടുംബക്കൂട്ടായ്മകളിൽ വി. കുർബാനയുടെയും യാമപ്രാർത്ഥനകളുടെയും ദൈവശാസ്ത്രപരവും ആരാധനക്രമപരവുമായ അവഗാഹം പ്രദാനം ചെയ്യുന്ന ക്ലാസ്സുകൾ ക്രമീകരിക്കുക.
5. 'ദനഹാ'യിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ വീക്ഷണത്തിൽ ക്രിസ്തീയ ആരാധനയുടെ അർത്ഥത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും വിവിധ അനാഫൊറകളുടെ ഘടനയും ദൈവ



*From the Episcopal Consecration of Mar Joseph Srampickal*



*From the visit of His Beatitude Mar George Cardinal Alencherry (2018)*

ശാസ്ത്രവും, ആരാധനക്രമത്തിന്റെ ദൈവശാസ്ത്രപരമായ വശങ്ങളെക്കുറിച്ചും പ്രത്യേകം പംക്തികൾ.

6. ആരാധനക്രമാനുഷ്ഠാനം, ആധികാരികമായ ദൈവശാസ്ത്രം, സീറോ മലബാർ ആരാധനക്രമപാരമ്പര്യങ്ങളുടെ സവിശേഷതകൾ മുതലായവയെക്കുറിച്ച് കുടുംബക്കൂട്ടായ്മ യൂണിറ്റുകൾക്കായി പഠനക്കുറിപ്പുകൾ തയ്യാറാക്കി നല്കുക.

7. സുറിയാനിഭാഷ പഠിപ്പിക്കുന്നതിനും സുറിയാനി ദൈവശാസ്ത്രജ്ഞന്മാരെയും കൗദാശിക ദൈവശാസ്ത്രത്തെയും പരിചയപ്പെടുത്തുന്നതിനുമായി ഓൺലൈൻ സ്കൂൾ നടത്തുക, അല്മായരുടെ ദൈവശാസ്ത്രരൂപീകരണത്തിനായുള്ള പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യതകളാരായുക.

8. ദൈവശാസ്ത്രത്തെക്കുറിച്ച് രൂപതാതലത്തിൽ ക്വിസ്സ് സംഘടിപ്പിക്കുക.

9. ധ്യാനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേയുള്ള വചനസന്ദേശത്തിലും ദൈവശാസ്ത്രവിഷയങ്ങൾ വിശദീകരിക്കുക.



## 3. മൂന്നാം ഘട്ടം: 2024 ഡിസംബർ 1 മുതൽ 2025 നവംബർ 29 വരെ

**പ്രത്യേക ഊന്നൽ: ആദ്ധ്യാത്മികത**

**അഞ്ചുലക്ഷ്യങ്ങൾ:**

* രൂപതയിൽ മാർത്തോമ്മാനസ്രാണികളുടെ ആത്മീയ അന്തരീക്ഷം സംജാതമാക്കുക.
* മാർത്തോമ്മാനസ്രാണിപാരമ്പര്യത്തിലെ ജീവിതചര്യകൾ പുനർജ്ജീവിപ്പിക്കുക.
* മാർത്തോമ്മാനസ്രാണിപാരമ്പര്യത്തിലുള്ള പ്രധാനപ്പെട്ട തിരുനാളുകൾ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
* പ്രാർത്ഥനാജീവിതത്തിൽ നിലനില്ക്കാൻ കുട്ടികൾക്കു പ്രചോദനം നല്കുക.
* യഥാർത്ഥ മിശിഹാനുഭവം ലഭിക്കുന്നതിൽ യാമപ്രാർത്ഥനകൾക്കുള്ള പ്രാധാന്യത്തെക്കുറിച്ച് അവബോധം നല്കുക.

**ഒൻപതിന കർമ്മപദ്ധതികൾ**

1. അനുദിനകുടുംബപ്രാർത്ഥനയുടെയും വിശുദ്ധഗ്രന്ഥവായനയുടെയും പ്രാധാന്യത്തെക്കുറിച്ച് ബോധ്യം നല്കുകയും കുട്ടികളെ ഏതാനും വിശുദ്ധഗ്രന്ഥവചനങ്ങളെങ്കിലും മനഃപാഠമാക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

2. ചില അവസരങ്ങളിലെങ്കിലും കുടുംബപ്രാർത്ഥനയിൽ യാമപ്രാർത്ഥനകൾ ചൊല്ലുക. യുവജനങ്ങളും കുട്ടികളും സപ്രായും റംശായും പ്രാർത്ഥിക്കാൻ പ്രോത്സാഹിപ്പിക്കുക.

3. എല്ലാ പ്രായവിഭാഗങ്ങളിലും പെട്ടവരുടെ ഇടയിൽ ഉപവാസം, വെള്ളിയാഴ്ചദിവസങ്ങളിലെ മാംസവർജ്ജനം തുടങ്ങിയ താപസചൈതന്യം പ്രോത്സാഹിപ്പിക്കുക.

4. ഓരോ ഇടവക/മിഷൻ/നിയുക്തമിഷനിലും ആരാധനക്രമ ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ ധ്യാനംനടത്തുക.



*Discussion Groups, Margam 2022*
*(National SMYM Gathering at Yarnfield Park, Staffordshire)*

ആദ്ധ്യാത്മികതയെക്കുറിച്ച് രൂപതാതലത്തിൽ ക്വിസ്സ്പ്രോഗ്രാം സംഘടിപ്പിക്കുക.

5. വീടുകളിൽ ചാരിറ്റി ബോക്സുകൾ വയ്ക്കുവാനും നോമ്പുകാല ആചരണത്തിലൂടെ ലഭിക്കുന്ന തുക ദാനധർമ്മത്തിനായി ഉപയോഗിക്കാനും പ്രോത്സാഹിപ്പിക്കുക.

6. സുകൃതജപങ്ങൾപോലെയുള്ള കൊച്ചുപ്രാർത്ഥനകൾ നിരന്തരമായി ചൊല്ലുവാൻ യുവജനങ്ങളെയും കുട്ടികളെയും പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവർക്കായി ഓരോ ഇടവക/മിഷൻ/നിയുക്തമിഷനിലും പ്രാർത്ഥനാശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്യുക.

7. ആരാധനാവത്സര കലണ്ടർ എല്ലാ വീടുകളിലും ലഭ്യമാക്കുകയും കുടുംബാംഗങ്ങൾ ഒരുമിച്ച് വിശുദ്ധ കുർബാനയിലെ അനുദിന വചനവായനകളെ ധ്യാനിക്കാനും നമ്മുടെ പാരമ്പര്യമനുസരിച്ചുള്ള തിരുനാളുകൾ ഓർമ്മിക്കുവാനും ഉദ്ബോധിപ്പിക്കുക.

8. അടുത്തടുത്ത കുമ്പസാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുകയും അതിനുള്ള അവസരം ക്രമീകരിക്കുകയും ചെയ്യുക. എല്ലാവരെയും, പ്രത്യേകിച്ച് യുവജനങ്ങളെ തീർത്ഥാടനത്തിനു പ്രോത്സാഹിപ്പിക്കുക.

9. ആത്മീയവായന പ്രോത്സാഹിപ്പിക്കുക, ഓരോ ഇടവക/മിഷൻ/നിയുക്തമിഷനിലും ആത്മീയഗ്രന്ഥങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

## 4. നാലാം ഘട്ടം: 2025 നവംബർ 30 മുതൽ 2026 നവംബർ 28 വരെ

**പ്രത്യേക ഊന്നൽ: ശിക്ഷണക്രമം**

**അഞ്ചുലക്ഷ്യങ്ങൾ:**

* സഭയുടെ ശിക്ഷണക്രമത്തെക്കുറിച്ചും അതിന്റെ ഉദ്ദേശത്തെക്കുറിച്ചും വിശ്വാസികളെ പഠിപ്പിക്കുക.
* ആരാധനക്രമപരമായ അച്ചടക്കത്തെക്കുറിച്ചുള്ള അവബോധമുണ്ടാക്കുക.
* പള്ളിയോഗപാരമ്പര്യം നിലനിർത്തുക.
* പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത (CCEO)യെക്കുറിച്ചും സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളെക്കു



*Discussion Groups, Second Eparchial Gathering, May 2022*

റിച്ചും കത്തോലിക്കാ സീറോ മലബാർ ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ നിയമാവലിയെക്കുറിച്ചുമുള്ള അറിവുനല്കുക.

* കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും (CCC) മിസ്റ്റഗോജിക്കൽ മതബോധനവും (ആരാധനക്രമവിശ്വാസപരിശലനം) വിശ്വാസികൾക്കു പരിചയപ്പെടുത്തുക.

**ഒൻപതിന കർമ്മപദ്ധതികൾ**

1. വ്യക്തിസഭകളുടെ കൂട്ടായ്മയായ കത്തോലിക്കാസഭയുടെ ഘടനയെക്കുറിച്ചും സ്വയംഭരണാവകാശമുള്ള സഭയിലെ അംഗത്വത്തെക്കുറിച്ചും അവബോധമുണ്ടാക്കുക, ശിക്ഷണക്രമത്തെക്കുറിച്ച് രൂപതാതല ക്വിസ്സ് പ്രോഗ്രാം നടത്തുക.

2. രൂപതാ നിയമാവലി രൂപീകരിക്കുക.

3. ഇടവകഭരണത്തിന്റെ ക്രമപ്പെടുത്തൽ:

- ഇടവക/മിഷൻ തലങ്ങളിൽ കൃത്യമായ റെക്കോർഡുകളും രജിസ്റ്ററുകളും സൂക്ഷിക്കുക.
- എല്ലാ ഇടവക/മിഷൻ/നിയുക്തമിഷന്റെയും പ്രവർത്തനങ്ങൾക്കും റെക്കോർഡുകൾക്കും രൂപതാതലത്തിൽനിന്നും മേൽനോട്ടം ക്രമീകരിക്കുക.
- മിഷനുകൾക്കും റീജിയണുകൾക്കും കൃത്യമായ അതിരുകൾ നിശ്ചയിക്കുക.
- പാരീഷ് കൗൺസിലിന്റെയും കൈക്കാരന്മാരുടെയും തിരഞ്ഞെടുപ്പിന് ഏകീകൃതസമയം പാലിക്കുക.



4. ഇടവക/മിഷൻ/നിയുക്തമിഷനുകളുടെ ഭൗതികവും ആത്മീയവുമായ ഭരണത്തിൽ അല്മായർക്കും പള്ളിയോഗത്തിനുമുള്ള പങ്കിനെക്കുറിച്ച് പാരീഷ് കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം കൊടുക്കുക.

*A child with crown during the Mammodeesa*

5. പ്രവേശകകൂദാശകളെക്കുറിച്ചുള്ള ബോധവത്കരണപ്രോഗ്രാം.

6. വിവാഹത്തിന്റെ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പ്രോഗ്രാം.

7. ഓരോ ഇടവക/മിഷൻ/നിയുക്തമിഷനിലും രൂപതാദ്ധ്യക്ഷന്റെ ഇടയസന്ദർശനം ക്രമീകരിക്കുക.

8. രൂപതയിലെ വിവിധ കമ്മീഷനുകൾക്കും സംഘടനകൾക്കും നിയമാവലി തയ്യാറാക്കുക.

9. മറ്റു വ്യക്തിസഭകളുമായി അടുത്ത സഹകരണം പ്രോത്സാഹിപ്പിക്കുക.

## 5. അഞ്ചാം ഘട്ടം: 2026 നവംബർ 29 മുതൽ 2027 നവംബർ 27 വരെ

**പ്രത്യേക ഊന്നൽ: സംസ്കാരം**

**അഞ്ചുലക്ഷ്യങ്ങൾ:**

* ആധികാരികമായ മാർത്തോമ്മാനസ്രാണി ജീവിതശൈലി നയിക്കുക.

* ജീവിതത്തിലെ ഓരോ പ്രത്യേക അവസരവുമായി ബന്ധപ്പെട്ടുള്ള തനതായ പാരമ്പര്യങ്ങൾ കാത്തു



*Minor Order of Heupdiaqnutha in our Eparchy*

സൂക്ഷിക്കുകയും അവയുടെ ദൈവശാസ്ത്രപരവും ആത്മീയവുമായ മൂല്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.

* എല്ലാ മാർഗ്ഗങ്ങളും പ്രത്യേകിച്ച് ഓരോ കുടുംബത്തിലുമുള്ള ആശയവിനിമയം ശക്തിപ്പെടുത്തിക്കൊണ്ട് കുടുംബബന്ധങ്ങളെ സംരക്ഷിക്കുക.
* മാർത്തോമ്മാനസ്രാണിസംസ്കാരം വളർത്തുന്നതിനായി രൂപതയിലെ കമ്മീഷനുകളെയും സംഘടനകളെയും സജീവമാക്കുക.
* വിവാഹം, ഏകസ്ഥജീവിതം, പൗരോഹിത്യം, സമർപ്പിതജീവിതം തുടങ്ങിയ ദൈവവിളികളെക്കുറിച്ച് ബാല്യം മുതൽ ബോധവത്കരണം നല്കുക.

**ഒൻപതിന കർമ്മപദ്ധതികൾ**

1. കുടുംബപ്രാർത്ഥനകൾ പരസ്പരം സ്തുതികൊടുത്ത് (ഈശോ ഉമ്മ) സമാപിക്കുന്ന രീതി പ്രോത്സാഹിപ്പിക്കുക. ദൈവവിളിക്കുവേണ്ടിയും മരിച്ചവർക്കുവേണ്ടിയുമുള്ള പ്രാർത്ഥനകൾ കുട്ടികളെ പഠിപ്പിക്കുക. കുടുംബങ്ങളിൽ വിവിധ ജീവിതാന്തസ്സുകളിലേക്കുള്ള ദൈവവിളിയെക്കുറിച്ച് യുവജനങ്ങളോടു സംസാരിക്കുക.
2. കുഞ്ഞുങ്ങളെ പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുവാൻ ദമ്പതികളെ ഒരുക്കുക. വിവിധ പ്രായത്തിലുള്ള മാതാപിതാക്കൾക്ക് ആവശ്യമായ പരിശീലനം കൊടുക്കുക. വിവാഹവാർഷികം, ജന്മദിനം, മാമ്മോദീസാദിനം, സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ തിരുനാൾദിനം ഇവ അനുരഞ്ജനകൂദാശ സ്വീകരിച്ചും കുടുംബാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയിൽ സംബന്ധിച്ചും ആഘോഷിക്കാൻ പ്രോത്സാഹിപ്പിക്കുക.
3. പെസഹാ അപ്പവും (ഇൻറി അപ്പം) പാലും കുടുംബങ്ങളിൽ അതിന്റെ തനിമയിൽ ഒരുക്കുവാനും വിതരണം ചെയ്യുവാനും അതിന്റെ ശരിയായ ആചരണം പാലിക്കുവാനും പ്രോത്സാഹിപ്പിക്കുക.
4. വിവാഹം, ജനനം, മരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് കുടുംബത്തിലുള്ള ആചാരങ്ങൾ നിലനിർത്തുക. കുഞ്ഞുങ്ങളെ ഏറ്റവും നേരത്തെതന്നെ മാമ്മോദീസായ്ക്കായി കൊണ്ടുവരാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുക. മാമ്മോദീസാത്തൊട്ടിയിൽ വെള്ളത്തിൽ മുക്കിയുള്ള മാമ്മോദീസ പ്രോത്സാഹിപ്പിക്കുക.



*Pindikuthithirunal (Denha Celebration of Mar Thoma Nazaranis)*

5. സ്കൂൾ പഠനം ആരംഭിക്കുന്നതിനുമുമ്പായി പന്തക്കുസ്താദിനത്തിൽ ആദ്യാക്ഷരം കുറിക്കാൻ (എഴുത്തിനിരുത്തൽ) കുട്ടികളെ കൊണ്ടുവരാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുക. മുതിർന്നവരെ ആദരിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുക. എല്ലാവരെയും പ്രത്യേകിച്ച് വൈദികരെയും സിസ്റ്റേഴ്സിനെയും ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ (നെശ്ത്തബഹ് ഈശോ മ്ശീഹാ) എന്ന പരമ്പരാഗതരീതിയിൽ അഭിവാദനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.
6. വിവാഹത്തിന്റെ പരിശുദ്ധിയെക്കുറിച്ചും അതിന്റെ അനന്യതയെക്കുറിച്ചും യുവജനങ്ങൾക്ക് സെമിനാറുകളും ബോധവത്കരണക്ലാസ്സുകളും ക്രമീകരിക്കുകയും വിവാഹത്തെ സംബന്ധിച്ച് വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലും സഭാപ്രബോധനത്തിലും ഉള്ള പഠനങ്ങൾ അനുസരിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക.

7. നമ്മുടെ പൂർവ്വികർ വർഷത്തിന്റെ പകുതിയിലധികം സമയവും ഉപവാസവും മാംസവർജ്ജനവും പാലിച്ചിരുന്നുവെന്ന് എല്ലാവരെയും നിരന്തരം ഓർമ്മിപ്പിക്കുക. വെള്ളിയാഴ്ചകളിലെ മാംസവർജ്ജനം എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമാക്കുക.

8. ബൈബിൾ കലോത്സവവേദി നമ്മുടെ പാരമ്പര്യകലകളെയും സാംസ്കാരികഘടകങ്ങളെയും പ്രചരിപ്പിക്കാൻ ഉപയോഗിക്കുക. ആരാധനക്രമസുറിയാനിഗീതങ്ങൾ കലോത്സവത്തിന്റെ മത്സരഇനങ്ങളിൽ ഒന്നാക്കുക. മാർത്തോമ്മാനസ്രാണി സംസ്കാരവുമായി ബന്ധപ്പെട്ട രൂപതാതല ക്വിസ്സ് പ്രോഗ്രാം സംഘടിപ്പിക്കുക.

9. മാർത്തോമ്മാമാർഗ്ഗത്തോടുള്ള സ്നേഹവും ആദരവും മതിപ്പും വളർത്തുന്നവിധത്തിൽ പരമ്പരാഗതവും തനതാത്മകവുമായ വേഷത്തോടുകൂടി നസ്രാണിസംഗമം സംഘടിപ്പിക്കുക.